# വികടകേസരി




**4 ണ.** ഊത്തു ഫലിച്ചില്ല—പററിപ്പോയി!

# ജനനിബിഡമായ രണ്ടാം വാരം

**പതിനായിരക്കണക്കിനു കാണികളെ ആകർഷിച്ചുകൊണ്ട**
**വിജയകരമായി മുന്നേറുന്നു**

| | |
|---|---|
| തിരുവനന്തപുരം — | ശ്രീകുമാർ |
| കോട്ടയം — | രാജമഹാൾ |
| ആലപ്പുഴ — | കോസ്റ്റൽ |
| നാഗർകോവിൽ — | കൃഷ്ണാ |
| എറണാകുളം — | ലക്ഷ്മൺ |
| ചെങ്കോട്ട — | പത്മനാഭ |
| തൃശ്ശൂർ — | ജോസ് |
| തലശ്ശേരി — | മുകുന്ദ് |
| പാലക്കാട്ട് — | ന്യൂ തിയേറ്റർ |
| കോഴിക്കോട്ട് — | രാധ |

കൂടാതെ തമിഴ്നാട്ടിലെ പ്രമുഖ കേന്ദ്രങ്ങളിലും അസോഷ്യേറ്റഡ് പ്രൊഡക്ഷൻസ്

# അമ്മ AMMA

സ്നേഹമയിയായ അമ്മ–മാതൃവാത്സല്യം നിറഞ്ഞ മകനും മകളും–അവർക്കിടയിൽ വന്നു കയറിയ മരുമകൾ കലാലയ വിദ്യാഭ്യാസം നേടിയ ഒരു നാഗരികാംഗന–മരുമകളുടെ പരിഷ്കാരഭ്രമം കാരണത്താൽ ആ ചെറുകുടുംബം അനുഭവിയ്ക്കേണ്ടിവന്ന ദുരന്ത ദുരിതങ്ങളുടെ സജീവവും ഹൃദയസ്പർശിയുമായ ആ ചിത്രീകരണം.

ലളിത, B. S. സരോജ, തിക്കുറിശ്ശി, M. N. നമ്പ്യാർ, പൊന്നമ്മ, ദൊരരാജ്, മുത്തയ്യ മുതലായവർ നടിച്ചത്.

| സ്റ്റുഡിയോ | ഡയറക്ഷൻ | കഥ, സംഭാഷണം. | ഗാനങ്ങൾ |
|---|---|---|---|
| വാഹിനി | K. വേമ്പു | നാഗവള്ളി, R. S കറുപ്പ് | P. ഭാസ്കരൻ. |

| സംഗീതം | ഡാൻസ് ഡയറക്ഷൻ |
|---|---|
| ദക്ഷിണാമൂർത്തി, | K. മാധവമേനോൻ. |

*FOR KERALA*

**THE ASSOCIATED PICTURES Ltd.**

ERNAKULAM.

പത്രാധിപർ ആർ. കൃഷ്ണൻനായർ

# വികടകേസരി

[രാഷ്ട്രീയ വിനോദമാസിക]

വാല്യം 3 | തിരുവനന്തപുരം. ജനുവരി / മകരം 1952 | ലക്കം 8

കേസരീവിക്ഷണം

## തിരഞ്ഞെടുപ്പിൽ നിന്നു ചില പാഠങ്ങൾ

ജനങ്ങൾക്കു പരമാധികാരമുണ്ടെന്നുള്ള വസ്തുത നേരേ മനസ്സിലാകുന്ന ഒരു അവസരമാണു് തിരഞ്ഞെടുപ്പു്. നേതാക്കന്മാരെന്നും മന്ത്രിസത്തമന്മാരെന്നും സ്വയം അഭിമാനിച്ചു കാറിൽനിന്നും താഴെ ഇറങ്ങാതെ ഗന്ധർവ്വരാജന്മാരെപോലെ കഴിഞ്ഞ പലരെയും ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ റോഡിലിട്ടു ചെകുട്ടിൽ കിഴിക്കി വിയർപ്പിച്ചു, വെള്ളം കുടിപ്പിച്ചു, നാണം കെടുത്തി, നെട്ടോട്ടം ഓടിച്ചു മാപ്പു പറയിച്ച രംഗം ആരും മറക്കാൻ പാടില്ലാത്തതാണു്. ജനശക്തിയുടെ നേർക്കു കാണിക്കുന്നതു് സൂക്ഷിച്ചുവേണമെന്നു ഈ ഭാഗ്യം തെണ്ടികൾ നേരേ മനസ്സിലാക്കിക്കാണുമോ എന്നു ഞങ്ങൾ സംശയിക്കുന്നു. എന്തെന്നാൽ നമ്മുടെ പല നേതാക്കന്മാരും കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയുണ്ടെന്നു പണ്ടേ പ്രസിദ്ധമാണു്. ചില നാടക സ്റ്റേജ്ജുകളിൽ വേഷം കെട്ടിയിറങ്ങുന്ന മൂന്നാംതരം നടന്മാരെ സഭക്കു തീരെ രസിക്കാതെ വരുമ്പോൾ "കേറെടാ അകത്തു്" എന്നു പറയുന്നതു കേട്ടിട്ടുണ്ടു്. ആ അവസരത്തിൽ പാവപ്പെട്ട നടൻ ഒരു അക്ഷരം ഉരിയാടാതെ പതിനായിരക്കണക്കിനു ജനങ്ങൾ നോക്കിയിരിക്കെ തന്റെ കിരീടവും കിന്നരി ഉടുപ്പുമായി എബൗട്ടേൺ തിരിഞ്ഞു അകത്തേക്കു പോകുക എന്നു പറഞ്ഞാൽ അതൊരു ഭയങ്കര മരണം തന്നെയാണു്. അതുപോലെ ചില അനുഭവങ്ങൾ നമ്മുടെ ടി. കെ. തുടങ്ങിയ പ്രമുഖ കാൺഗ്രസുകാർക്കു ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉണ്ടായി.

എവിടെയും ജനങ്ങൾ കാൺഗ്രസ്സിനു ബദ്ധവൈരികളായിട്ടാണു് കാണപ്പെട്ടതു്. കാൺഗ്രസ്സുകാർക്കും അതറിയാമായിരുന്നു. കഴിഞ്ഞ നാലു നാലരക്കൊല്ലത്തു് ഭരണത്തിനിടക്കു വളരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും വളരെ കാര്യങ്ങൾ തുടങ്ങിവച്ചിരിക്കയാണെന്നു അവർ പറയുന്നു. പല നല്ല കാര്യങ്ങളും ചെയ്യാൻ സാധിച്ചിട്ടില്ല. അതിനു കുറെ സമാധാനങ്ങളും അവർ പറയുന്നു. അഭയാർത്ഥികളുടെ സംഖ്യയേയും, വിപ്ലവശക്തികളുടെ പ്രതിരോധം, രാജ്യത്തിന്റെ വിഭവശക്തിയുടെ നില, വിഭജനം കൊണ്ടുണ്ടായ കുഴപ്പം, കാശ്മീർ കാര്യം—ഇങ്ങനെ പലതും പ്രതിബന്ധങ്ങളാണെന്നു അവർ പറയുന്നു— അതുകൊണ്ടു അവരുടെ പേക്കുള്ള കുററപത്രത്തിനു ഒരു മയമിട്ടുവേണം വിധി എഴുതാനെന്നു വാദിക്കുന്നു കുറെ ഒക്കെ അതിലൊരു പരമാർത്ഥവുമുണ്ടു്. രാജ്യത്തു് കൃഷിയും വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്താൻ കാൺ: ഗവർമെൻറു കുറെ നദീതടപദ്ധതികൾ ആസൂത്രണം ചെയ്തു പ്രവർത്തനം ആരംഭിച്ചു. അതും നേരല്ലെന്നു ഞങ്ങൾ പറയുന്നില്ല. പ്ലാനിംഗ് കമ്മീഷൻമൂലം സെമിന്താരി സമ്പ്രദായവും മററും നിർത്തലാക്കുമെന്നു പറയുന്നു. അതും ഒന്നോടെ അങ്ങു സാധിക്കാത്തതിൽ കാൺഗ്രസ് ഗവണ്മെൻറിനെ കുററംപറയുന്നതു ശരിയല്ല. അതിനാൽ ജനങ്ങൾ കാര്യം അറിയാതെയാണു് കാൺഗ്രസ്സിനെ കുഴിച്ചുമൂടാൻ നില്ക്കുന്നതെന്നു കാൺഗ്രസ്സുകാർ പറയുന്നു.

എന്നാൽ ഞങ്ങൾക്കു തോന്നുന്നതു് അങ്ങനെയല്ല. ജനങ്ങൾക്കു കാൺഗ്രസ്സിന്റെനേക്ക് വിരോധം തോന്നാനുള്ള മുഖ്യകാരണം നീതിന്യായപരിപാലനത്തിൽ കാൺഗ്രസ്സ ഗവൺമെന്റു കാണിച്ച മനഃപൂർവമായ ഉപേക്ഷയും സ്വജനപ്രീണനത്തിൽ അവലംബിച്ച അക്ഷന്തവ്യമായ പ്രതിപത്തിയുമാണു്. ഈ രാജ്യത്തു് കാൺഗ്രസ്സ് ഭരണമേററതിനു ശേഷം ജനങ്ങളുടെ കൺമുമ്പിൽ എന്തെല്ലാം അന്യായങ്ങളും അക്രമങ്ങളും നടന്നു. പട്ടാപകൽ വ്യഭിചരിച്ചു. തീവച്ചു, കൈക്കൂലിയും, മോഷണവും എല്ലാം നടന്നില്ലേ? ഈ വക കുറെ കിരീടം അണിഞ്ഞ മന്ത്രിമാരോ അവരുടെ ഉററബന്ധുക്കളോ ആയിരുന്നു. ശബരിമല മഹാക്ഷേത്രം തീവച്ചു. മിസ് ശമ്മയെ വ്യഭിചരിച്ചു. ടി. കെ. മന്ത്രിയും മററുംചേർന്നു പഞ്ചസാരച്ചാക്കു വിക്കി, ട്രാൻസ്പോർട്ടുമന്ത്രി നാലരലക്ഷം അടിച്ചു. വേറൊരുമന്ത്രി അഞ്ചരലക്ഷം തട്ടി. പിന്നൊരു കക്ഷിരഹിതന്റെ മകൻ 5 ലക്ഷം പാരിതോഷികം എടുത്തു. ടെക്സ്റ്റുബുക്കു ആഫീസർ മാത്യുകുഴിവേലി പല പല അന്യായങ്ങളും നടത്തി. മന്ത്രികുഞ്ഞുരാമൻ ത്രിശ്ശൂർ ഡിസ്റ്റിലറി അഞ്ചുകൊല്ലത്തേക്കു ലേലംചെയ്യാതെ ഒരാൾക്കുകൊടുത്തു കാശുവാങ്ങി. (ഈ മി. കുഞ്ഞുരാമൻ ഇപ്പോൾ മുരുക്കുംപുഴ ഒരു സ്ഥലത്തു് മുപ്പതിനായിരത്തിനു ഒരു വസ്തുവാങ്ങാൻ 600 കായുടെ മുദ്രപ്പത്രത്തിനായി ചിറയിൻകീഴ് താസിൽദാക്കു രണ്ടാഴ്ചക്കുമുമ്പു ഒരു ഫോൺ അയച്ചതായി അറിവുണ്ടു്. മന്ത്രിയാകുന്നതിനു മുമ്പു സ്വന്തമായി മൂന്നരചക്രംപോലും ഇല്ലാത്ത കുട്ടപ്പനാണു്) ഈ നഗ്നങ്ങളായ പരമാർത്ഥങ്ങളിൽ ഒന്നുപോലും ഗവൺമെന്റിന്റെ കർശനമായ നടപടിക്കു വിഷയമായില്ല. രാജ്യത്തു് എന്തു അഴിമതിയും സ്വാധീനവും നേതാക്കന്മാർക്കു ആകാമെന്നായി. നിയമങ്ങളും കർശനനടപടികളുമെല്ലാം പാവങ്ങളെ കുതിരകയറാനാണെന്നു തോന്നിപോകുന്നു—ഇങ്ങനെ അറിഞ്ഞുകൊണ്ടു വലിയവരുടെ വകതിരിവില്ലായ്മകളെല്ലാം ക്ഷമിച്ചുകളഞ്ഞ കാൺഗ്രസ്സുകാരുടെ ഭരണം ഒടുവിൽ കുറെ അഴിമതിക്കാരായ വലിയ ആളുകളെ രക്ഷിക്കാനുള്ളതുമാത്രമായിത്തീർന്നു. അതുമാത്രമാണു് ജനങ്ങളെ ഇത്രകണ്ടു ക്ഷോഭിപ്പിക്കാൻ കാരണമായതു്. ഈ സംഗതി അവർ ഈ തിരഞ്ഞെടുപ്പിൽനിന്നു പഠിക്കേണ്ട പാഠമാണു്. യാഥാർത്ഥത്തിൽ കാൺഗ്രസ്സ് ജനങ്ങളുടെ ഇടയിൽ നിശ്ശേഷം നശിച്ചിരിക്കുകയാണു്. എതിർസ്ഥാനാർത്ഥിയുടെ എണ്ണം കൂടുതലായതുകൊണ്ടുമാത്രമാണു് ഓരോ സ്ഥലത്തും കാൺഗ്രസ്സ് ജയിച്ചതു്. മേലാലെങ്കിലും ഒരു നിഷ്പക്ഷവും നീതിപൂർവ്വവും ആദർശശുദ്ധവുമായഭരണംനടത്തിയില്ലെങ്കിൽ അടുത്ത അഞ്ചുകൊല്ലത്തിനുശേഷം കാൺഗ്രസ്സിന്റെ മരണമണിനാദം മുഴങ്ങുമെന്നു വികടകേസരി മുന്നറിയിപ്പുനൽകുന്നു.

---


## ധരണിവിലാസം ക്ലാത്തുസ്റ്റോർ

**കച്ചേരിജംഗ്ഷൻ * നെടുമങ്ങാട്.**

നവീനരീതിയിലുള്ള ഇംഗ്ലീഷ് ഫ്രെബ്രിക്കും, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും കസവുതരങ്ങളും മററു നാടൻ മുണ്ടുകളും മിതമായ വിലക്കു ഇവിടെ കിട്ടുന്നതാണു്.

പ്രൊ: എം. ബാലൻ.

എക്സ്റേ പരിശോധന

# പി. ററി. പുന്നൂസ്

— സൈറൺ —

“പുന്നൂസു തോററു! പുന്നൂസു തോററു! അയ്യോ പുന്നൂസുതോററു!” എന്ന നിലവിളിയേ എങ്ങും കേൾക്കാനുള്ളു. ചിന്തിയ്ക്കുന്ന എല്ലാ വിഭാഗങ്ങളേയും അമ്പരപ്പിച്ച ഒരു വാൎത്തയാണതു്. കാൺഗ്രസ്സ് ഗവമ്മെൻറിന്റെ നീചമായ വഞ്ചനയ്ക്കു് ആ ദേശാഭിമാനി ഇരയായി.

‘ബഹുഭൂരിപക്ഷത്തോടെ അദ്ദേഹം ജയിച്ചുപോയല്ലോ’ എന്നു കാൺഗ്രസ്സ് പത്രങ്ങൾ പോലും മുറവിളികൂട്ടിയതല്ലേ? എന്നിട്ടെന്തായി പെട്ടികൾ പൊട്ടിയ്ക്കാൻ ഇത്ര താമസിച്ചതെന്തു്? അവന്മാർ എന്തോ ചതിചെയ്തിട്ടുണ്ടു്. പുന്നൂസിന്റെ പ്രേമഭാജനം—റോസമ്മ—ആവൎത്തിച്ചാവശ്യപ്പെട്ടില്ലേ! “എണ്ണത്തിൽ കള്ളം കാണിച്ചു. ഒന്നുകൂടി എണ്ണണമെന്നു്.” പക്ഷേ കൊള്ളക്കാൺഗ്രസ്സിന്റെ പിണിയാളായ റിട്ടേണിംഗ് ആഫീസർക്കു് അതു കേൾക്കാൻ കാതില്ലായിരുന്നു.

ബഹുജനങ്ങളേ! പുന്നൂസു തോററില്ല. തോററില്ല. ഞാൻ ഹിമാലയത്തിന്റെ മുകളിൽ കയറിനിന്നുകൊണ്ടു് ഉച്ചൈസ്തരം ഉൽഘോഷിയ്ക്കാം ‘അദ്ദേഹം തോററില്ല, തോല്ക്കുകയില്ല.’ എന്നു് സമരം ചെയ്യുന്ന ജനതയുടെ ആവേശത്തിൽ തീനാളങ്ങൾ കൊളുത്തികൊണ്ടു് ആ ഉജ്ജ്വലവിപ്ലവകാരി വിജയിച്ചുയരാൻ പോകുകയാണു്. പുന്നൂസു അസംബ്ലിയിൽ തോറെറങ്കിൽ പാർലമെന്റിൽ ബഹുഭൂരിപക്ഷത്തോടെ ജയിച്ചു.

ക്ഷമയുള്ള നാട്ടുകാരേ! കാൺഗ്രസ്സ് ചവച്ചുതുപ്പിയ വെററതമ്പലമായ മന്നം വീണ്ടും കാൺഗ്രസ്സിന്റെ വായിൽകയറി പുന്നൂസിനെപ്പററി പറഞ്ഞ പുലഭ്യം നിങ്ങൾക്കോൎമ്മയില്ലേ? അതോൎമ്മിക്കുമ്പോഴെല്ലാം ജ്വലിയ്ക്കുന്ന കോപത്താൽ നിങ്ങളുടെ രക്തം തിളച്ചുപോണെങ്കിൽ അത്ഭുതമല്ല. “നിലവറക്കുഴിയിലിരുന്നു പ്രവൎത്തനം നടത്തുന്ന പുന്നൂസിനു് വോട്ടു കൊടുക്കരുതു്” പോലും ഹാ! മന്നത്തെ കാരണ്ണോരേ! ഓൎമ്മയിലിരിയ്ക്കട്ടെ. നിങ്ങൾ ജനനേതാക്കന്മാർക്കു നല്കുന്ന നിലവറകൾ തകൎന്നു നിലം തരിശാകാൻ പോകയാണു്. മണിമാളികകളിൽ നിന്നു നിങ്ങൾ താഴെ വീണു മണ്ണുകപ്പാൻ പോകയാണു്. സൂക്ഷിച്ചുകൊള്ളൂ. ഇതൊരുതാക്കീതാണു്.

ജനവഞ്ചകരേ! നിങ്ങൾ തോല്പിച്ചെന്നഭിമാനിയ്ക്കുന്ന പുന്നൂസിനേ നിങ്ങൾ അറിയുമോ?

പ്രസിദ്ധമായ ഏ. നാരായണപിള്ള കേസിനു വാദിയ്ക്കാൻ വന്ന നരിമാനെ സി. പി. യുടെ ചെരുപ്പുനക്കികൾ കറുത്തകൊടി കാണിച്ചാക്ഷേപിപ്പോൾ ആ കൊടികളെല്ലാം ഒററ നൊടിയ്ക്കിടയിൽ കയ്ക്കുള്ളിലാക്കിയ പുന്നൂസിനേ—ലാത്തിയടിയേററു താഴെവീണിട്ടും ആ കൊടിയിൽ


## അംബികവിലാസം റെസ്റ്റാറൻറ്

മീനാംബികാ തിയേറ്ററിനു മുൻവശം; ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകൎയ്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാൎത്ഥങ്ങൾ ഏവൎക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ

പ്രൊ: പി. ശങ്കരൻനായർ.

# "ശ്രീകണ്ഠനോട്"

## വാമനൻ

"നമ്മുടെ"നീലാണ്ടപ്പിള്ളസാറിന്റെ
നല്ലോരുനന്ദനാ! ശ്രീകണ്ഠ! വത്സാ!
നന്നായ് ശ്രവിച്ചാലുമീവൃദ്ധവാക്യം—
നന്നായ്‌വരേണ്ടവനാണു നീ കുഞ്ഞേ!

ഭാഗ്യംനിനക്കിന്നു സംസിദ്ധമായീ=
ഭാസുരഭാവിയൊന്നുണ്ടുനിൻ മുൻപിൽ
'ഭക്ഷ്യപ്രിയത്വം' കുറയ്ക്കേണ്ട-പക്ഷേ—
ലക്ഷ്യംപിഴയ്ക്കാതെ മുന്നോട്ടുപോക്കു!

ആദ്യമായ്‌നിൻ കൂട്ടുകാരെയോർമ്മിക്കൂ!
ആരാരവരെന്നു ചിന്തിച്ചുനോക്കൂ!

ഒന്നുപോലും കൊടുക്കാത്ത പുന്നൂസിനേ—സമരത്തിന്റെ അലകൾ കാളേജിലേക്കാഞ്ഞടിച്ചപ്പോൾപുസ്തകങ്ങൾവലിച്ചെറിഞ്ഞുപുറത്തുചാടിയ പുന്നൂസിനേ—ആരംഭകാലംമുതൽ അധഃപതന ദശവരെ കാൺഗ്രസ്സിന്റെ രക്തവും മജ്ജയും ജീവനുമായിരുന്നപുന്നൂസിനേ-വർക്കിംഗുകമ്മററിയിൽ പിന്തിരിപ്പൻ നേതാക്കന്മാർക്കു തലവേദനയുണ്ടാക്കിയ വഴക്കാളി പുന്നൂസിനേ—വിപ്ലവത്തിന്റെ തീജ്ജ്വാല പടത്താൻ കഴിവുള്ള പ്രസിദ്ധ വാഗ്മിയായ പുന്നൂസിനേ—അക്കമ്മാ ചെറിയാന്റെ സഹോദരിയായ റോസാമ്മയുമായി നടന്ന വിവാഹത്തിൽ ക്ഷണനം നിരസിച്ച പട്ടംതാണുപിള്ളയുടെ പകയോർത്തു് കണ്ണുനീർ വാർത്തുപോയ മനുഷ്യസ്നേഹിയായ പുന്നൂസിനേ ജനവഞ്ചകരേ! നിങ്ങൾ അറിയുമോ? അറിയുകില്ലെങ്കിൽ നിങ്ങൾ ജീവിക്കുന്നില്ല. അഥവാ, മണ്ണടിഞ്ഞ രാഷ്ട്രീയ മരയോന്തുകളേ! നിങ്ങൾക്കദ്ദേഹത്തെ അറിയാൻ തന്നെ എന്തവകാശം?

ആലോചനയതിൽ നന്നായ്‌ചെലുത്തൂ
ആത്മാർത്ഥതയുള്ളതാൻ സ്ഥാനംകൊടുക്കൂ

ഒന്നിച്ചുറങ്ങിയുമുണ്ടും കഴിഞ്ഞോ—
രൊന്നിച്ചു ബോറുമടിച്ചുനടന്നോർ;
ഒന്നല്ലസംഖ്യംയുവസ്നേഹിതന്മാ—
രിന്നുണ്ടുനിൻചുററിലും പററിടുന്നു.

അന്നത്തെനീയല്ല, യിന്നത്തെനീയെ—
ന്നെണ്ണിനന്നായ് ധരിച്ചീടവേണം!
ഇന്നാടുനിന്നെപ്രതീക്ഷിച്ചു നില്പൂ!!
വന്നീടു വന്നീടു! തൽസേവനാർത്ഥം!!

നേതൃമ്മന്യത്വം നടിക്കായ്ക കുഞ്ഞേ!
നേരുംനെറിയും വെടിയാതിരിക്ക!
സ്ഥാനലാഭത്തിൽ മദിക്കായ്കതെല്ലും—
സ്വാർത്ഥലാഭത്തിൽ മോഹിക്കാതിരിക്കൂ.

നിന്നമ്മതന്നെന്ത്യകാലം—ഹരേ! ഹാ!!
നിന്നെ"പരോളിൽ" വിടാത്തൊരീസർക്കാർ
നിർണ്ണയംനിൻ മുൻപിൽ മാപ്പുചോദിക്കും
നിന്നാണെ! നാളെയല്ലെങ്കിൽ മററന്നാൾ.

നിന്നെസ്തുതിക്കുന്നതല്ല ഞാൻ—കേട്ടോ
നിന്നിൽ ഗുണങ്ങളും ദോഷവുംകാണാം
എന്നാലുമൊന്നിന്നുതീർത്തുചൊല്ലീടാം—
നിന്നിൽ"കഴിവു"കളുണ്ടെന്നുമാത്രം!

സശോഭം ചുവക്കുന്നു പൂർവ്വാദ്രിശൃംഗം!
സകോപംപുലമ്പുന്നഹോ! പശ്ചിമാബ്ധി!
സമുദ്ദീപ്തമാകുന്നു സോവ്യററുമാർഗ്ഗം!
സമൂലംതകരുന്നു സാമ്രാജ്യദുർഗ്ഗം!

സമുൽകൃഷ്ട "മാർക്സിസ്റ്റ,"തത്വം പുലർത്താൻ
ശതാബ്ദവ്യവസ്ഥിതിമാററിമറിക്കാൻ,
സമത്വംവരുത്താൻ, പ്രഭുത്വംതകർക്കാൻ
സധൈര്യംസമരംനയിക്കൂസഖാവേ!!

നിങ്ങൾ കുളത്തൂപ്പുഴ വരുമ്പോൾ
* * ഹൃദ്യമായ ഭക്ഷണപാനീയങ്ങൾക്കു * *
ഹോട്ടൽ താജ് സന്ദർശിക്കുക !!
സ്പെഷ്യൽ ചായ, കാപ്പി, ഓവൽ, കൊക്കൊ ഇവ ഞങ്ങളുടെ പ്രത്യേകതയാണു്.
പ്രൊ. എൻ. മൈതീൻപിച്ച റാവുത്തർ.

കലാവേദി

# കലാമണ്ഡലം കൃഷ്ണൻനായർ

"ദാ, ആ നില്ക്കുന്നതാരാണെന്നറിയാമോ അമ്മച്ചാ"

"അറിയുകയില്ലല്ലോ കുഞ്ഞേ, ആരാ"

"ഒന്നു കണ്ണുതുറന്നു നോക്ക്. അറിയാതിരിയ്ക്കയില്ല."

"കുഞ്ഞേ വയതായി കണ്ണുപററത്തില്ല. ആരം സിമ്പ്ളനാണെന്നു തോന്നുന്നു. ഇഡ്ഡലിപോലെ കൊഴുത്ത മുഖം. തങ്കത്തകിടുപോലത്ത നിറം. ചെവ്വും വക്കുത്തുമൊള്ള ശരീരം. ആരാ കുഞ്ഞേ, നമ്മുടെ എളയ രാജാവാണോ ?

"അമ്മാവൻ ചിത്രാപ്രദർശനത്തിനു നടന്ന കഥകളി കണ്ടിട്ടുണ്ടോ? "

"കൊള്ളാം ഇരുന്നുംകിടന്നും കണ്ടിട്ടുണ്ട്. ഹ! ആ വെച്ചൂർ രാമൻപിള്ളയുടെ കാട്ടാളൻ! ശിവ ശിവ! കറിച്ചി കുഞ്ഞൻപണിക്കരുടെ ഹംസം! അതൊന്നും മറക്കാനൊക്കത്തില്ല കുഞ്ഞേ"

"ആട്ടെ പൂതനായെക്കണ്ടോ ?"

"കൊള്ളാം. കലാമണ്ഡലം കൃഷ്ണൻനായരുടെ പൂതന! അതുള്ളടത്തെല്ലാം പോയി ഞാൻ കാണണം. ഒൻപതുപ്രവാശ്യം കണ്ടിട്ടും എനിക്കു മതിയായിട്ടില്ല."

"ങ! എന്നാൽ ആ നില്ക്കുന്നതാണ് സുപ്രസിദ്ധ കഥകളിനടനായ കലാമണ്ഡലം കൃഷ്ണൻനായർ"

"ഹതേയോ കുഞ്ഞേ! ഹ! എനിയ്ക്കാ കാലിൽ ഒന്നു തൊട്ടുതൊഴണം."

"അതുവേണ്ടാ അമ്മാച്ചാ, അദ്ദേഹം ആരോടോ രസിച്ചു സംസാരിച്ചുനില്ക്കയാണ്. അസഹ്യപ്പെട്ടത്തണ്ടാ"

"എന്നാലില്ല. ആട്ടെ കുഞ്ഞേ! എവിടാ അദ്ദേഹത്തിൻെറ രാജ്യം"

"വടക്കേ മലബാറിൽ ചിറയ്ക്കൽ താലൂക്കിൽ കോലത്തുനാട്ടിൽ 1089 മീനത്തിൽ മകംനാളിൽ ജനിച്ചു."

"നല്ല ജനനം. ങ! കേൾക്കട്ടെ. അറിയാവുന്നതൊക്കെപ്പറഞ്ഞാട്ടെ."

"പട്ടിണിയും പരാധീനതകളും സഹിച്ച് അരിഷ്ടിച്ച് ബാല്യം കഴിച്ചു. ചന്തുപ്പണിക്കരെന്ന ആരം കൃഷ്ണൻെറ കണ്ണും മുഖവും കഥകളിയ്ക്കുപററിയതാണല്ലോ എന്നുപറഞ്ഞു് ആ കലാവിദ്യ അഭ്യസിപ്പിയ്ക്കാൻതുടങ്ങി. ആ പിഞ്ചു കലാകാരനിൽ ഉറങ്ങിക്കിടന്ന നർത്തനനൈപുണ്യം ബഹുശാഖമായി തളിർത്തുതഴച്ചു. കവളപ്പാറയും രാമുണ്ണിമേനോനും ഈ കോരകത്തേ കലാമണ്ഡലത്തിലെത്തിച്ചു. വള്ളത്തോളിനു് സാത്വിക പ്രകൃതനായ കുമാരനേ നന്നേ പിടിച്ചു. ആ വിശിഷ്ടസ്ഥാപനമാണ് ഈ യുവനത്തകനേ 'കലാമണ്ഡലം കൃഷ്ണൻനായരാ'ക്കിയതു്."


## റീഗൽ കഫേ

ഫോൺ 2278 പാളയം * തിരുവനന്തപുരം.

താമസത്തിനുവേണ്ട സകല സജ്ജീകരണങ്ങളും; യൂറോപ്യൻ രീതിയിലും ഇൻഡ്യൻ രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

പ്രൊ: പി. വേലായുധൻ.

# A.S.S. മാക്ക് നമലഞ്ഞ

"ആട്ടെ വിവാഹിതനാണോ കുഞ്ഞേ അദ്ദേഹം."

"ഹ ഹ! അമ്മാവന്റെ നോട്ടമുണ്ടോ? പ്രായമായ വല്ല പെണ്ണുണ്ടോ........."

"ച്ഛേ! ച്ഛേ! അതു കളകുഞ്ഞേ, ഒരു കൗതുകത്തിന് അങ്ങുചോദിച്ചുപോയതാണ്."

"എന്നാൽ പറയാം. കലാമണ്ഡലത്തിലെ ഒരു സഹനർത്തകിയുടെ കലാവിലോലമായ നീലവിലോചനങ്ങളിൽക്കൂടി അദ്ദേഹം ഗൂഢമായ പ്രേമത്തിന്റെ അത്ഭുതസത്യങ്ങൾ കണ്ടറിഞ്ഞു. കല്യാണിയെന്ന ആ കളവാണി അങ്ങനെ അദ്ദേഹത്തിന്റേതായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. പക്ഷേ ഇതോടുകൂടി വള്ളത്തോളിന്റേയും മററും വെറുപ്പുസമ്പാദിയ്ക്കുയും കലാമണ്ഡലത്തിൽനിന്നു പുറത്തുചാടേണ്ടിവരുകയും ചെയ്തു. പിന്നെ കുറേ അലഞ്ഞുനടന്നു. വെള്ളാരപ്പള്ളി വടയാററു മനക്കാരുടെ സഹായത്തിൽ കുറേനാൾ കഴിഞ്ഞു. വൈയ്ക്കത്തുവെച്ച് കുറിച്ചി കുഞ്ഞൻപണിയ്ക്കരുടെ വാത്സല്യശൃംഖലയിൽ കുടുങ്ങി. പലടത്തും അദ്ദേഹത്തോടൊപ്പം ആടിനടന്നു. പൂതനാവേഷത്തിനു പ്രസിദ്ധിനേടി. മണ്ണാർശാലവെച്ച് രൗദ്രഭീമസേനന്റെ ഭാഗം അഭിനയിച്ച് കാണികളെ കിടിലംകൊള്ളിച്ചതോടുകൂടി പ്രസിദ്ധിയുടെ കൊടുമുടിയിലേക്കുയർന്നു. ഇന്ന് കഥകളിലോകത്ത് ഏററവും കൂടുതൽ പ്രതിഫലംപററുന്നത് അദ്ദേഹമാണ്. പ്രശസ്തന്മാരിൽനിന്നും ആ നടനു കിട്ടിയിട്ടുള്ള സമ്മാനങ്ങൾ അനവധിയാണ്. എങ്ങനെ കിട്ടാതിരിയ്ക്കും? കലാമണ്ഡലം കുഞ്ചുക്കുറുപ്പിന്റെ കരലാളനമല്ലേ ആ കലാവല്ലരി മുററി വിടർന്നതു്."

"ഇപ്പോൾ എവിടെയാണു കുഞ്ഞേ, താമസം"

"ആലുവായിൽ. പ്രകൃതിരമണീയമായ ആ സ്ഥലത്ത് ഒരു കഥകളിസ്കൂളും അദ്ദേഹം തുടങ്ങിയിട്ടുണ്ട്."

"കൊള്ളാം. ഇത്രയുംകേട്ടപ്പോൾ ആ കേരളത്തിന്റെ അഭിമാനസമ്പത്തിനെ ഒന്നു പരിചയപ്പെടാതെയിരിയ്ക്കാൻ വയ്യാ. ഞാനങ്ങോട്ടു ചെല്ലട്ടെ."

---


## ഭഗവതി വിലാസം ഹോട്ടൽ & ററീഷാപ്പ്

ബസ്സ്സ്റ്റാൻഡ് * * കായംകുളം,

ററൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണു കഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

# ഇലക്ഷനിൽ പരാജിതനായ വെണ്ടർ

1. പൊരിയുന്നൊരുമാനസത്തൊടാ-
യൊഴുകീടുന്നൊരു കണ്ണുനീരൊട്ടും
ഒരുമട്ടിലണഞ്ഞുശയ്യയിൽ
ചതിയൻചാഞ്ഞു ചരിഞ്ഞു കണ്ടുനായ്

2. കശ്ശുവണ്ടിപുറംകരിഞ്ഞു തീ-
യകമേവാച്ചൊരുമട്ടിലായപോൽ
മുതലാളിവളിച്ചു നഷ്ടനായ്
ത്ധടുതിദ്ദുഷ്ടമനം പുകഞ്ഞു ഹാ!

3. പരവഞ്ചിതനായവെണ്ടരും
ഗരളംകാത്തുകഴിയ്ക്കുനായിമേൽ
ഉപദേശകരാകെയൊന്നുപോ-
ലുറിപോലായിവളിച്ചുമൂർച്ഛയായ്

4. സുതരൊക്കെയണഞ്ഞു നല്ലവാ-
ക്കുരിയാടീട്ടുഫലിച്ചതില്ലതാൻ
എരിതീപിടിപെട്ടകാട്ടില-
പ്പൂവുപൂവെന്തൊരുമട്ടിലായിടും-

5. കുടിലപ്രമുഖാഗ്ര്യ്യ: നിൻെറവൻ-
ചതിയാലെന്തുനശിച്ചുനാട്ടുകാർ
പലനായരുമീഴവക്കുവൻ
പകവെച്ചങ്ങു പഴിച്ചുരോഷമായ്

6. ഒരുമട്ടിലലഞ്ഞുലഞ്ഞു വൻ
കുടവഡ്ഢിയ്ക്കുകരംകൊടുത്തുതാൻ
മദയാനവരുന്നമട്ടിലഃ-
ധനികൻ നാട്ടിൽ നടന്നതോക്കടാ

7. ഘനമുള്ളൊരു മൂത്തകുഞ്ഞനും,
പണയിൽ ഭാസ്ക്കരപിള്ള, മാത്തനും
ബത കണ്ടറയുണ്ണി,യുമ്മനും,
കൊലചെയ്യാനിഹ കൊന്നുവെണ്ടറെ-

8. ധനികൻെറ തടിയ്ക്കുവീശിടാൻ
കുടവഡ്ഢിയ്ക്കുതലോടിടാൻ സദാ-
തുനിയുന്നതുബോധശൂന്യമാ-
ണതിനാലെന്തൊരുലജ്ജ ഭാവിയിൽ

9. അതുകൊണ്ടുജയംവരാത്തതിൽ
ചതിയൻക്രുദ്ധരുക്രുദ്ധക്രുടിനാൻ
അടിയും പിടിയുംനടത്തിടാൻ
കുടിയൻകള്ളുകൊടുത്തു ഭംഗിയിൽ

10. ഇനിയെങ്ങിനെയാത്ര ചെയ്യുവാൻ
വഴിയേയെന്നൊരു ചിന്തവന്നതിൽ
മുതലാളിതളർന്നൊട്ടിയായ്
സഹിയാത്തുള്ള കുഴപ്പവും പരം

11. വഴിവിട്ടുവലഞ്ഞുചുററുവാൻ-
കിണററിൽവീണിട്ടുമാനയെന്നപോൽ
ഇരുകാൽകുടയുന്നൊരൊച്ചതേ-
ന്മൊഴിയാൻ ദേവതകേട്ടുഞെട്ടിനാൽ

ഫോൺ നമ്പർ 2583.

## പി. മാധവൻതമ്പി

വെങ്കലപാത്രവ്യാപാരം * ചാല, തിരുവനന്തപുരം.

ഉറപ്പ്, ഭംഗി, ഒരേവില, ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്ക
പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കട തുറക്കുന്നതല്ല.

12. പുലിപോലലറുന്നലർച്ചയും
വെളിവെന്യേബത രാത്രിശയ്യയിൽ
ചളിയാക്കിയു,മൂഴിമൂത്രവും
മിഴിനീരും ഹ ഹ കഷ്ടമാക്കുകിൽ

13. തല, വാ, വയർ, നെഞ്ചി, വയ്യുമേൽ
പലവാറുകൊട്ടരണ്ടുകൈകളാൽ
മുതലാളിയടിച്ചുശബ്ദവും
നിലയില്ലാതെവളത്തിച്ചുററിലും

14. കടവഡ്ഢിപിടിച്ചുമോങ്ങിയും
തലചുററിക്കഴലിട്ടുതല്ലിയും
കടിലാഗ്രണിഘോററതോൽവിയാൽ
കടലിൻതീരമണഞ്ഞു. വൈകിയാൽ

15. അയ്യയോതളരുന്നദേവകീ മനംകത്തുന്ന
ചിത്തം വൃഥാ-
ചെയ്യും സന്ധിയിൽവേർപെടുന്ന-
മരണംതോന്നുന്നുമേനല്ലതായ്
കണ്ടാത്മാവുമയങ്ങിമങ്ങിയിരുളിൽ-
താഴുന്നപോൽ മൂർച്ഛയാ-
ലെന്തെല്ലാം പറയുന്നുവെണ്ടറൊട്ടുവിൽ
നാമെന്തുചെയ്യേണ്ടിതിൽ.

---


സന്ദർശിക്കുവിൻ!

# ആസാദുഹോട്ടൽ

എവിടെ

പഴവങ്ങാടി : : തിരുവനന്തപുരം.

ശ്രീ കൃഷ്ണഭവാൻ ബോർഡിംഗ് ആൻറു ലാഡ്ജിംഗ്

ബോട്ടുജട്ടി : : ആലപ്പുഴ.

വിഭവസമൃദ്ധമായ ഭക്ഷണ പാനീയാതികം സുഖകരമായ വിശ്രമസങ്കേതം! മാന്യമായനിലയിലുള്ള പെരുമാററം അതാണു ഞങ്ങളുടെ വിജയമെന്നു അനുഭവസ്ഥർ പറയുന്നു.


പുസ്തകാഭിപ്രായം

# നേരുകൾ

എ. ഡി. രാജൻ, ആലപ്പുഴ, വില 12 ണ.

'ആദ്യത്തെകഥ,' 'ബിരുദധാരി' 'കഥയെഴുത്തു്' 'നേരുകൾ' എന്ന നാലുകഥകളുടെ സമാഹാരമാണിതു്. ഗ്രന്ഥകാരൻ സമ്മതിയ്ക്കുംപോലെ "ആദ്യത്തെകഥ"യ്ക്കു് ഒന്നുംവിപ്ലവപ്രസ്ഥാനത്തിനു കാഴ്ചവെയ്ക്കാനില്ല. പക്ഷേ പ്രേമത്തിലുമുണ്ടു് പുരോഗമനം. ആ മാനദണ്ഡംവെച്ചു നോക്കിയാലും 'ആദ്യത്തെകഥ' പരാജയമാണു്. കഥാകൃത്തിൻെറ ഹൃദയത്തിലുണ്ടായിരുന്നതായി വിചാരിക്കേണ്ടിയിരുന്ന വികാരത്തിൻെറ നാലിലൊന്നുപോലും അനുവാചകർക്കുലഭിക്കുന്നില്ല. 'ബിരുദധാരി'യിലൂടെ ഇന്നത്തെ വിദ്യാഭ്യാസത്തിൻെറദോഷഫലങ്ങളെശരിയായി വരച്ചുകാട്ടാൻ കഥാകൃത്തിനുകഴിഞ്ഞിട്ടുണ്ടു്. രാജൻെറ കഴിവിനെ ഉയത്തിപ്പിടിക്കുന്ന ഒരു കഥയാണതു്. 'കഥയെഴുത്തു്' പററിയില്ല. കേട്ടോ? 'നേരുകളി'ൽ കഥാകൃത്തു് വിചാരിക്കുമ്പോലെ നേരുകളൊന്നും വെളിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈ കഥകളില്ലൊം പിഴയ്ക്കാതെ, പതറാതെ മുമ്പോട്ടുവെച്ചാൽ വിജയത്തിലേക്കുനടന്നെത്താവുന്ന ഒരു കഥാകൃത്തിൻെറ കാൽച്ചുവട്ടു് തെളിഞ്ഞുകിടപ്പുണ്ടു്.

---


കൊല്ലത്തു വന്നുചേർന്ന * * *

# പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നുചേർന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

വി. കുട്ടപ്പൻപിള്ള, കുടവ്യാപാരം,
വടയാററുകോട്ട—കൊല്ലം.

# കേശവൻ ചേകവരുടെ പാട്ടുകഥ

(വടക്കൻപാട്ട്)

## സമ്പാദകൻ :— മഹാകവി ഉള്ളൂർ

കോട്ടേൻറഴികത്തു കേശോനുണ്ണി
പാട്ടിൽമിടുക്കുള്ള കൊച്ചുചേകോൻ
നെയ്ത്തും തൊഴിലും പഠിക്കുന്നുണ്ട്
പാട്ടും കളിയും പഠിച്ചു ചേകോൻ

അതുതാനെ കാണുന്ന അച്ഛൻ ചേകോൻ
അപ്പോൾപറയുന്ന ചേകോരല്ലോ.
ഇനിയുമൊരു വിദ്യപഠിക്കാനുണ്ട്
മറുനാടൻ വിദ്യപഠിക്കവേണം.

കളരിയിൽ പോകുന്ന കേശവനും
മറുനാടൻ വിദ്യപഠിച്ചു കേശോൻ.
വിദ്യകളൊക്കെത്തികഞ്ഞവന്
വിരുതുകളൊക്കെത്തിക്കഞ്ഞവന്.

അതുതാനെ കാണുന്ന മൂത്തചേകോൻ
പാട്ടത്തിൽ വീട്ടിലെ മൂത്തചേകോൻ
നാടൊക്കെപ്പേർകേട്ട കുഞ്ഞിരാമൻ
പതിനൊട്ടു കളരിക്കുമാശാൻ ചേകോൻ

ഏഴങ്കം വെട്ടി ജയിച്ചോനാണ്
ആനയെ മയക്കുന്ന ചേകോരാണ്
സൂത്രത്തിൽ മികച്ചൊരുചേകോരാണ്
പത്രം നടത്തുന്ന മൂത്തചേകോൻ

കേശവനുണ്ണിയെക്കണ്ടു ചേകോൻ
കൗതുകം വന്നല്ലോ ചേകവക്ക്
വാസന്തിയെന്നൊരു മകളുണ്ടല്ലോ
ഓമനമകളവൾ തങ്കക്കുട്ടി.

കേശവനായിക്കൊടുത്തു ചേകോൻ.
മരുമകനാക്കിയെടുത്തു ചേകോൻ.
വക്കീലായ് വന്നല്ലോ കേശവനും
അപ്പോൾ നിനന്തല്ലോ മൂത്തചേകോൻ
എക്സൈസു കമ്മീഷ്ണരാക്കവേണം
സക്കാരിനോടു പറകവേണം
ആ വിദ്യമാത്രം ഫലിച്ചില്ലല്ലോ
കലിതുള്ളി വിറച്ചല്ലോ മൂത്തചേകോൻ

എന്നാലോകേൾക്ക മരുമകനെ
കള്ളുകുടിനിർത്താൻ നോക്കെൻറുണ്ണീ
ചെത്തുനിറുത്തുവാൻ നോക്കണം നീ
സക്കാരുമൊന്നു വിറച്ചിടേണം
അതുതാനെ കേട്ടല്ലോ കേശോനുണ്ണി
കച്ചയും കെട്ടിമുറുക്കുന്നുണ്ട്
ഉറുമിപരിശ തൊഴുതെടുത്ത്
കേമൻ ചുരികയെടുത്തു ചേകോൻ
ഇളകിപ്പുറപ്പെട്ടു ചേകവരും


## ചന്ദ്രികാ സ്റ്റോർ

കച്ചേരിക്കു സമീപം, * ആററിങ്ങൽ.

ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡിയില, ബീഡി, സിഗററുകൾ, ഒന്നാംതരം മദ്രാസ് പൊടി, വാസനദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ.

പ്രൊ: കെ. രാഘവൻ.

കേളിയും കേട്ടല്ലോ ചേകവക്ക്
എസ്സെൻഡീപിയിൽ കയറിചേകോൻ
അവിടെയുമേ ഒന്നു പൊൻവിളങ്ങി.
എന്തുംപറയുന്ന ചേകോരാണു്
എന്തിനും പോരുന്നചേകോരാണു്
കള്ളമില്ലാതുള്ള ചേകോരാണു്
ഉള്ളിന്ത്യക്കേറുന്ന ചേകോരാണു്
അത്തരാനെകണ്ടല്ലോ മൂത്തചേകോൻ
പാട്ടത്തിൽ വീട്ടിലെയാശാൻ ചേകോൻ
മരുമകനെത്തന്നെ വിളിക്കുന്നുണ്ടു്
ഒന്നുണ്ടു കേൾക്കണം പൊന്മകനെ
മുപ്പിരിസ്സൂത്രം ഞാനു മുണ്ടാക്കട്ടെ
നിവർത്തനമൊന്നു ഞാനുണ്ടാക്കട്ടെ
നീയതിൽ പററി ജയിച്ചുവായോ
നെറുകയിൽ കൈവച്ചനുഗ്രഹിച്ചു.
നേതാവായ് പയററുന്നു കേശോണ്ണി
കാലുമാറീടുന്നു മൂത്തചേകോൻ.
നേരുള്ളകേശവൻ കലുങ്ങിയില്ല
വീറോടെതന്നെ പൊരുതുന്നുണ്ടു്.
ജയിലിലും പോകുന്നു കേശവനും
ജയിൽവിട്ടിറങ്ങുന്നു കേശോനുണ്ണി.
അത്തക്കം കണ്ടല്ലോ മൂത്തചേകോൻ
പണക്കിഴിപ്പയറെറാന്നു തുടങ്ങുന്നുണ്ടു്.
സ്റേററുകോൺഗ്രസ്സൊന്നു കൊണ്ടുവന്നു
നാട്ടിൽപ്പടത്താൻ തുനിഞ്ഞു ചേകോൻ
അവിടെയും നേതാവായ് കേശോനുണ്ണി
നേരുമുശിരൊള്ള കേശോനുണ്ണി
അവിടെയും കാൽമാറി മൂത്തചേകോൻ
പത്രം നടത്തുമളിയൻ ചേകോൻ
അവരെയും മാററുന്നു മൂത്തചേകോൻ
എള്ളോളം കലുങ്ങീല കേശോനുണ്ണി
വാക്കേററമുള്ളൊരു കേശോനുണ്ണി
കലികേറിപ്പേപറയും കേശോനുണ്ണി
ജയിൽകേറി ജയിൽകേറി വിരുതുനേടി
ജയമാന്നു മന്ത്രിയായ് വിരുതുനേടി.
അപ്പോൾ വരുന്നല്ലോ അളിയന്മാരും
കേശവനെത്തന്നെയും പാട്ടിലാക്കി
മൂത്തചേകോനും മരിച്ചശേഷം
അളിയന്മാരതൊഴിൽ കൈക്കലാക്കി
കേശവനുണ്ണിയെ യെന്നുമെന്നും
കീശയിലാക്കിയ ച്ചേകോന്മാരു്.

(അപൂർണ്ണം)

---


# സ്ഖലന നിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലേയൊ, തുള്ളിതുള്ളിയായോ ഇന്ദ്രിയം പോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ,കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ പടന്ന് ഇന്ദ്രിയം പോകുക സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ സ്ഖലന നിവാരണി തികച്ചും ഫലപ്രദമെന്നു് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചത്തേക്കു് ഉള്ള ഡപ്പി 1ക്കു് 4ക. 10ണ. പാക്കിംഗ് & പോസ്റ്റേജ് 0-14-0
വി. പി. യായി ആവശ്യപ്പെടുക. മാനേജർ, S. D. "ഫാർമസി," നാഗമഹാൾ, ആലപ്പി

വിനോദഭാവന

# മന്ത്രിയാകണ്ട!

(രംഗം ഒന്നു്)

(സമയം വൈകുന്നേരം. സ്ഥലം അധികം ആരും സഞ്ചാരമില്ലാത്ത റോഡു്. അവിടെയുള്ള കലിങ്കിന്റെ പുറത്തു് പോലീസ് കാൺസ്റ്റബിൾ ഇടിയൻ കുട്ടൻപിള്ള ഇരിക്കുന്നു. 45 വയസ്സു് പ്രായം. കപ്പടാമീശ. തുടരെയുള്ള നാടൻ സീഗ്രെറ്ററു് സേവയാൽ കറുത്തു തടിച്ച ചുണ്ടുകൾ. ചുവന്ന ഉണ്ടക്കണ്ണുകൾ എല്ലാററിനേയും നിസ്സാരമാക്കിക്കൊണ്ടുള്ള വികൃതമായ ചിരി. തൊട്ടടുത്തു് കരിംകുരങ്ങിനെപ്പോലെ തലചൊറിഞ്ഞുകൊണ്ടു് അയാളുടെ ആശ്രിതൻ കിട്ടുപിള്ളയും നിൽക്കുന്നു.)

കിട്ടു-അംഗ്ന്നേ?—അംഗ്ന്നേ!-

ഇടി-(സഗൗരവം) എന്തൊന്നടാ അംഗ്ന്നേ അംഗ്ന്നേ എന്നും വിളിച്ചുകൊണ്ടു് നിൽക്കുന്നതു്. വല്ലതും പറയാനുണ്ടെങ്കിൽ തുറന്നു് അരുളിച്ചെയ്യരുതോ?

കിട്ടു-അംഗ്ന്നേ എന്നെ ദേഷ്യപ്പെടരുതു്. ഞാൻ നാട്ടുകാരുടെയിടയിലുള്ള സംസാര വിഷയമാണു് പറയാൻ പോകുന്നതു് പരമാത്ഥത്തിൽ പരമാത്ഥത്തിൽ

ഇടി-നിന്റെ പരമാത്ഥം ഇടിയററു്-

കിട്ടു-അംഗ്ന്നിനെ എല്ലാരും പറയുന്നതു് ഇടിയെററെന്നല്ലേ?-എന്നെ ഇടിയററു് എന്നും അപ്പോൾ നാം നാംതമ്മിൽ ഒരക്ഷരത്തിന്റെ വ്യത്യാസമേയുള്ളു. അല്ലേ?-ഞാൻ പറയുന്നതിൽ മിഷ്ടേക്കു് ഉണ്ടോ?-

ഇടി-എന്തൊന്നെടാ നിന്നു് വിളയുന്നതു്. നിന്റെ മിഷ്റേറക്കു് വല്ലതുമുണ്ടെങ്കിൽ വേഗം പറഞ്ഞേരു്. (മീശമുറുക്കുന്നു. കാക്കിച്ചു് തുപ്പിയിട്ടു്) ഈ നാട്ടിലെ സംസാര വിഷയമായാലും കൊള്ളാം. സ്വർഗ്ഗത്തിലെ സംസാര വിഷയമായാലും കൊള്ളാം.

കിട്ടു-(തലചൊറിഞ്ഞു കൊണ്ടു്) അല്ല. ആ വാക്കുമറന്നും പോയല്ലാ?-ക-കാ-കൈ-കൊ-കൊ......

ഇടി-വിക്കനെപ്പോലെ കാ-കാ-കോ-കൊ എന്നൊക്കെ പറയുന്നതെന്തെടാ?-

കിട്ടു-നിൽക്കണം അംഗ്ന്നേ!-ഞാൻ മറന്നു പോയല്ലോ ആ വാക്കു്. ശ്ശെടാ ഗ്രഹപ്പിഴപിടിച്ചവാക്കേ......

ഇടി- വേഗം പറയടാ......ടാം ഫൂം-എന്തൊന്നു് കൊറിയൻ യുദ്ധത്തിന്റെ കാര്യമോ?

കിഴ-അല്ലല്ല. ഈ പോലീസുകാരെല്ലാം ഒരുതരം നല്ല പട്ടികളാണുപോലും.

ഇടി-(ചിറിയൊരു വശത്തോട്ടു് കോട്ടിക്കൊണ്ടു്) പോലീസുകാർ പട്ടികളെന്നോടാ...ഒന്നുകൂടെ പറഞ്ഞാൽ നിന്റെ ഫാർട്ടിലുള്ള ഒരോ എല്ലിനേയും അടിച്ചുപൊട്ടിക്കും ശനാക്കിക്കോ? (ലാത്തിയുടെ തുമ്പുകൊണ്ടു് ഉമ്പിളന്തയെ പ്പോലെ വീർത്തിരുന്ന അവന്റെ കുഞ്ഞിപ്പള്ളയിൽ കുത്തുന്നു.)

കിട്ടു- (വിനയസമന്വിതം) ഇതാണു് ഞാനാദ്യമേ പറഞ്ഞതു്. ഞാൻ പറയുമോ പോ


## The Ramakrishna Electric Works

CHINNAKADA — QUILON

Specialists in Winding & Repairs of A. C. & D. C. Generators

Motor converters, Transformers and Dynamos Etc, Etc.

ലീസുകാർപട്ടികളെന്നു്. ഞാൻ പോലീസ് എന്ന വാക്കു ഉച്ചരിക്കുന്നതുതന്നെ സന്ധ്യക്കു് നാമം ജപിക്കുന്നതുപോലെയാണു്. അല്ലെങ്കിൽതന്നെ ശ്രീ പത്മനാഭൻെറ ശംഖു മുദ്രയിൽ തൊട്ടുകളിച്ചാൽ പിന്നെ അവൻെറ കാര്യം തീർന്നില്ലേ—എന്നാലും.........

ഇടി— ഇതൊക്കെയറിയാമെങ്കിൽ പിന്നെ നീ ഈ പറഞ്ഞതു് എന്തുവിചാരിച്ചാണു്. അടിയുടെ കുറവാണെടാ—അടിയുടെ കുറവു്... നോക്കു്......എൻെറ കയ്യിലിരിക്കുന്നതുനോക്കു്......ലാത്തി......എത്രപേരുടെ നട്ടെല്ലു പൊട്ടിച്ചതാണെന്നറിയാമോ ഈ ലാത്തി കൊണ്ടു ?—

കിട്ടു— അംഗ്ന്നേ ദേഷ്യപ്പെടരുതു്. നാട്ടിലെ സംസാരവിഷയമല്ലേ പറഞ്ഞതു്?—ആ പറഞ്ഞവരുടെ സ്റ്റമക്കിലിട്ടു ഇടിച്ചുകൊടുക്കണം. അതിനു ചുനയില്ലല്ലോ?—

ഇടി— അതാരെന്നു അറിഞ്ഞെങ്കിലല്ലേ ഒക്കുകയുള്ളു.

കിട്ടു— അതു പറയാൻപോകുമ്പോൾ പറയുന്നവൻെറ നേക്കു്കേറി കസർത്തുകാണിച്ചാൽ അറിയാനൊക്കുമോ?—

ഇടി— ശരി. വിവരിച്ചുപറ. കേൾക്കട്ടെ!—

കിട്ടു— ഇവിടെ ഈ സഖാവു് പാച്ചുപിള്ളയും കൂട്ടരുമുണ്ടല്ലോ പൊതു ജനങ്ങളെന്നും പറഞ്ഞുനടക്കുന്ന ചില ഇരട്ടകരളന്മാർ......അവൻ പറയുകയാണു് ഈ പോലീസുകാരെല്ലാം പണക്കാരുടെ പട്ടികളാണെന്നു്. വെറും പട്ടികളെന്നല്ല. പാണ്ടി പട്ടി...ചെങ്കോട്ട പട്ടി... അതുപോലെ അങ്ങു് എവിടയോഉള്ള ഒരുപട്ടിയെന്നു്. ഞാൻ പറഞ്ഞുതരാം (വീണ്ടും തല ചൊറിഞ്ഞുകൊണ്ടു്) 'ക' എന്ന ആദ്യം തുടങ്ങുന്ന അഞ്ചാറുസ്ഥലത്തിൻെറ പേരുപറയണം.

ഇടി— കരുനാഗപ്പള്ളി. കാഞ്ഞിരപ്പള്ളി കയ്മനം.

കിട്ടു— (തുള്ളിച്ചാടികൊണ്ടു്) വേണ്ട വേണ്ട കിട്ടിപ്പോയി കിട്ടിപ്പോയി......

ഇടി— എന്തോന്നു്?—

കിട്ടു— കാവൽ പട്ടികളെന്നു്. കാവൽ പട്ടി കാവൽ പട്ടി (വീണ്ടും തുള്ളിചാടുന്നു.)

ഇടി— ഇതാരാണെടാ പറഞ്ഞതു്?—

കിട്ടു— ആദ്യം പറഞ്ഞതു് ആ കമ്മ്യൂണിസ്റ്റുകാരൻ സഖാവു് പാച്ചുപിള്ള.

ഇടി— എന്നിട്ടു നീ കേട്ടുകൊണ്ടുനിന്നോ?

കിട്ടു— കൊള്ളാം. ഞാനൊരററയടിയടിച്ചു കൊടുത്തു കവാലംനോക്കി. എന്തുചെയ്യാം അവനതു തടുത്തുകളഞ്ഞു. ഇല്ലെങ്കിൽ അവൻെറ കഥ തീരുകയുംചെയ്യും. ഞാൻ ജയിലിലുമായനേ—പോട്ടെ......നല്ല ദശ എന്നേ പറയേണ്ടു.

(തുടരും)


## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നിലനിർത്തുന്നതിനു അത്യുത്തമം. റാത്തൽ ഒന്നുക്കു് വില രൂപാ 6 മാത്രം, വി. പി. യായിആവശ്യപ്പെടുന്നവർ മൂന്നിലൊന്നു വില അഡ്വാൻസായി അയക്കേണ്ടതാണു്.

പി. എസ്. വൈദ്യശാല, മല്ലയ്ക്കൽ, ആലപ്പുഴ.

## ആ പരമാർത്ഥം

(തുടർച്ച)

എൻ. കെ. നായർ. ഓമല്ലൂർ

താമസിയാതെതന്നെ ജ്വര ബാധിതനായി. അദ്ദേഹത്തിൻെറശുശ്രൂഷയിലും മാതാവിൻെറ ആശപുത്രനോടാവർത്തിച്ചു. "മോനേ! നിന്നെ ഒന്നു സമ്മന്തംചെയ്തു കാണാനാ ഞങ്ങടെ ആശ... ...

"ഇല്ല" അച്ഛനേയും സമാധാനിപ്പിച്ചു ആ മറുപടി. താമസിയാതെ തന്നെ വിവാഹം നിശ്ചയിക്കപ്പെട്ടു. മാതാപിതാക്കളുടെ ആനന്ദം അവാച്യമായിരുന്നു. ബാങ്കുടമസ്ഥൻെറ ആരോഗ്യാംശമായ പുത്രി... എന്തുകൊണ്ടവർക്ക ആനന്ദ മുണ്ടായിക്കൂടാ?

അമിതമായ ധനപ്പെരുപ്പത്തിലും, അസാധാരണ സൗന്ദര്യസമ്പത്തിലും സൗശീല്യം അദൃശ്യമാണു്. ഭാര്യയായ സുശീലയെപ്പററിയുള്ള ഒരു ധാരണയാണു് രഘുവിൻെറ. അതിനൊരുകാരണമുണ്ടു്. അവളുടെ വേലക്കാരൻ രാമു പറഞ്ഞിരുന്നു. കുഞ്ഞേ! എന്റെ പൊന്നു കുഞ്ഞേ! നെനക്കിതാവശ്യമില്ല......അല്ലെ നിന്നെ എന്തിനാ പറയുന്നേ......അല്ല, എനിക്കറിയാം ദിവസോം ഇവിടാരെല്ലാമാവരുന്നോന്നു് ......കുഞ്ഞിതാരോടും പറയേണ്ട .. ...പിന്നൊരുകാര്യമാ......ചക്രോമൊണ്ടു്......വെള്ളത്തതൊലീമൊണ്ടു്.

രഘു ഇതു നേരത്തെ കേട്ടിരുന്നു. പക്ഷെ സാഹചര്യത്തിൻെറ പ്രാതികൂല്യം, ചുററുപാടിൻെറ ചുഴലിക്കാററു്......കാപട്യത്തിൻെറ കരിനിഴൽ ഇവയിൽപ്പെട്ടു നട്ടംതിരിയാതെ ഇന്നത്തെ മനുഷ്യനു തരമില്ല. വിവാഹനിശ്ചയത്തിനുശേഷമാണു് രഘുവിനു് മനസ്സിലായതു്.

മരുമകളുടെ വലതുകാൽവയ്പോടുതന്നെ രഘുവിൻെറ അച്ഛൻ മൃതപ്രായനായി തീർന്നിരുന്നു. മകനേ അടുക്കൽവിളിച്ചു, കുഞ്ഞേ... നിനക്കു നല്ല ഗതിവരും... ...വേണ്ടപോലെല്ലാം നോക്കിക്കൊള്ളണം. മകൻെറ ദുഃഖാധിക്യത്തിനിടക്കുതന്നെ മാതാവിനേയും അദ്ദേഹം സമാധാനിപ്പിച്ചു. നീ സമാധാനത്തോടിരിക്കു്......ഇപ്പോഴും ജീവിച്ചിരിക്കുന്നു.... പിന്നീടു പറഞ്ഞതു് അവ്യക്തമായ ചില അക്ഷരങ്ങൾ മാത്രമായിരുന്നു.

മരുമളുടെ സമാഗമത്തിലും, അവളുടെ അക്ഷീണയത്നത്തിലും രഘുവും മാതാവും കാലക്രമേണ ദുഃഖസാഗരത്തിൻെറ മറുകര സമീപിച്ചു.

പുത്രവാത്സല്യത്തിൽ നിന്നും ചില നേരിയനാരുകൾ മരുമകളിലേക്കു് നാൾക്കുനാൾ ഇഴഞ്ഞുകൊണ്ടിരുന്നു. മാതാവിനേയും ഭാര്യയേയും മിത്രതയുടെ മടിയിൽ വയ്ക്കാൻ രഘു വേണ്ടത്ര ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ ശത്രുതയുടെ കാളിമസർവത കളിയാടി കൊണ്ടിരുന്നു.

ലോകസമാധാനത്തിൻെറ അസ്ഥിവാരപ്രതിഷ്ഠയ്ക്കു് അക്ഷീണയത്നംചെയ്തു, പരസഹസ്രം ജനതയ്ക്കുവേണ്ടി ചെഞ്ചോരചൊരിയാൻ അന്ധകാരാകുലമായ അന്തരീക്ഷത്തെ പ്രകാശമാനമാക്കാൻ ആജീവനാന്തം ജീവിക്കാൻ വ്രതമെ

ദേശബന്ധു ആയുർവേദ ഫാർമസി & നേത്രചികിൽസ
കൊശവൂർ ജംഗ്ഷൻ—പച്ച P. O.
ശാസ്ത്രരീത്യ രോഗികളെ പരിശോധിച്ചു ചികിത്സിക്കുന്നതാണു്
ചീഫ് വൈദ്യൻ M. K. മാധവൻ.

A. S. S. മാർക്ക് നല്ലെണ്ണ

ടുത്ത ബാപ്പുജിയെ മരണത്തിലേക്ക് ആട്ടിപ്പറപ്പിച്ച ഒരു വ്യക്തിയെങ്കിലുമുണ്ടായ ഈ ലോകത്തിൽ യാഥാർത്ഥ്യത്തിനോ നന്മയ്ക്കോ എന്തു സ്ഥാനമാണുള്ളത്?

സുശീലയുടെ നാമം സ്വാർത്ഥകമായിക്കരുതുവാൻ തക്ക ഒരു സാഹചര്യം രഘുവിന് ഒരു സമയത്ത് സമാഗമമായി. സച്ചരിത്രവാനെന്ന് നാമെണ്ണിയിരുന്ന രഘു യുക്തിയുക്തമായ കൗശലപാടവത്താൽ സുശീലയ്ക്ക് വശംവദനായി.

നിഷ്കളങ്കമായ പുത്രവാത്സല്യംകൊണ്ട് അക്ഷയമായ ആ കടപ്പാട്...അതെ മാതൃപുത്രബന്ധംകൊണ്ട് രഘുവിനെ ഉയർത്താൻ......വശീകൃതശക്തിയുടെ മാലിന്യമേറിയ മായാച്ചെളിക്കുണ്ടിൽനിന്നും ഉയർത്താൻ മാതാവു വേണ്ടുവണ്ണം ശ്രമിച്ചു.

മാതൃപുത്ര ബന്ധത്തിന്റെ മഹനീയതയെ മറക്കരുതാത്തവിധം മറന്നതോടുകൂടി മാതാവു മാനസിക രോഗബാധിതയായി. രോഗ ശയ്യാലംബിനിയായ മാതാവിനെ യഥായോഗ്യം ശുശ്രൂഷിയ്ക്കാൻ രഘുവിനു സമയമില്ലാതിരുന്നു. ആ ചുമതല സുശീല കയ്യേററു.

രോഗം അല്പാല്പം വർദ്ധിച്ചുകൊണ്ടേരുന്നു.

സുശീലയുടെ വേലക്കാരനായ രാമു ഒരുദിവസം വീട്ടിൽവന്നു. രഘു മാതാവിന്റെ രോഗാധിക്യത്തെ വീക്ഷിച്ചു കൊണ്ടു നിൽപ്പുറപ്പിച്ചിരുന്നു.

രാമുവിന്റെ കണ്ണുകളിൽനിന്നും അശ്രുക്കൾ ധാരധാരയായി ഒഴുകി. സതിയുടെ ദയനീയമായ ആ നോട്ടത്തിൽ ഏതെല്ലാമോ പരമാർത്ഥങ്ങൾ തങ്ങിനില്പുണ്ടായിരുന്നു. ഇതെല്ലാം കണ്ടുനിന്നിരുന്ന രഘു ആശ്ചര്യഭരിതനായിത്തീർന്നു. സതിയുടെ നിർദ്ദേശപ്രകാരം ഇരുപത്തൊൻപതു കൊല്ലംമുമ്പുള്ള ഒരു പരമാർത്ഥം രാമു പറഞ്ഞു കേൾപ്പിച്ചു. അപ്രതീക്ഷിതമായ ഒരു ശക്തി രഘുവിൽ അവതരിക്കപ്പെട്ടു......അയാൾ രാമുവിനെ......സ്വപിതാവിനെ ആലിംഗനം ചെയ്തു. ആ പരമാർത്ഥം വ്യക്തമായതോടുകൂടി സതിയും ദീർഘനിദ്രാവലംബിനിയായി.

---

സുരേഷ് ക്ലോത്തു സ്റ്റോർ

നന്ദിയോട്, പച്ച P. O.

മേൽത്തരം കടകം, പുതിയതരം ബാംഗ്ളൂർ ബനാറീസ്, സിൽക്കു സാരികൾ, കോട്ടിംഗ്, ഷർട്ടിംഗ്, ജംബ്ബർക്ലോത്തു സകല ഇനം നാടൻ തുണിത്തരങ്ങൾ തുടങ്ങിയവ മിതമായ വിലക്കു ലഭിക്കുന്ന ഏകസ്ഥാപനം.

N. B. കല്യാണ ആവശ്യങ്ങൾക്കു ഉപയോഗപ്രദമായ എല്ലായിനം ജൗളികളും ഇവിടെ കിട്ടുന്നതാണ്.

പ്രൊ: എം. വാസുദേവപ്പണിക്കർ.
മാനേജർ.

# ധന്വന്തരി വൈദ്യശാല H.O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്ട, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററങ്ങൽ, നെയ്യാററിൻകര, മദ്രാസ്സ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാന്നൂർ, നെടുമങ്ങാട്.

**ച്യവനപ്രാശം ലേഹ്യം** റാത്തൽ 1-ന് 3-രൂപാ

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം. ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം ഒച്ചഅടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

---

## സന്ദർശിക്കുവിൻ!

### ഉഡുപ്പി സുബ്രഹ്മണ്യ വിലാസം പോററി ഹോട്ടൽ & ലാഡ്ജിംഗ്

ഡിന്നർപാർട്ടി, ഗാർഡൻപാർട്ടി തുടങ്ങിയ വിശേഷങ്ങൾക്കു സമീപിക്കുക
താമസത്തിന്ന്. സൗകര്യപ്രദമായ മുറികൾ വാടകക്കു കൊടുക്കപ്പെടും.

ബസ്സ്സ്റ്റാൻസ്—കായംകുളം.

**പ്രൊ; എൻ. കൃഷ്ണൻപോററി.**

---

## ശ്രീ. സുബ്രഹ്മണ്യ വിലാസം പോററി ഹോട്ടൽ

ബോർഡിംഗ് ആൻഡ്, ലോഡ്ജിംഗ്

ബസ്സ് സ്റ്റാൻഡ് :: :: :: ചെങ്ങന്നൂർ.

ഊണും, കാപ്പിയും ഒന്നിനൊന്നു മെച്ചം എന്നാണനുഭവസ്ഥർ പറയുന്നത്.

പ്രൊ: എൻ. ലക്ഷ്മീനാരായണൻപോററി.

---

# DAMOO JEWELLERS

**(Opposit Mullakkal Temple Alleppey)**

സ്വർണ്ണത്തിലും, വെള്ളിയിലും ആഭരണങ്ങൾ പരിഷ്കൃതരീതിയിൽ പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും. പ്രൊ. കെ. ദാമോദരൻപിള്ള

# "നാട്ടിലെന്തുണ്ടു വാർത്തകൾ"

## മീശാൻ

("കാട്ടീലെന്തുണ്ടു മൂളുന്നു കണ്ണാ"–എന്നരീതി)

"നാട്ടീലെന്തുണ്ടു വാർത്തകൾ മീശാൻ
കേട്ടീട്ടേറെ ദിവസങ്ങളായി"
"നാട്ടീലിപ്പോഴിലക്ഷൻ ബഹളം
വോട്ടുപെട്ടി പൊളിക്കും ബഹളം
ഒന്നാം ക്ലാസ്സിലെ 'പൊത്തോത്തി' ലുള്ള
എല്ലാം ചിത്രവും പാർട്ടിക്കാർ 'ചൂണ്ടി'
പൂവും പൂച്ചയും പൂച്ചെട്ടികളും
പ്രാവും വൃക്ഷവും ക്രമൻ, കയിലും
ആന, സിംഹം, കരടി, കുരങ്ങും
പേന, പെൻസിൽ, മഷിക്കുപ്പികളും
ഏണി, സൈക്കിൾ, നുകംവെച്ചകാള
കാണാം സ്ഥാനാർത്ഥി ചിഹ്നങ്ങളായി
കാളപ്പെട്ടികൾ പേറുതുടങ്ങി
കോൺഗ്രസ്സ് 'ഗാന്ധിജി' മന്ത്രം ജപിച്ചു
ഏണിപ്പെട്ടികൾ പേറുതുടങ്ങി
'ഐ. മു.'ക്കാരുടെ ചിത്തം തുടിച്ചു
വൃക്ഷപ്പെട്ടികൾ പേറുതുടങ്ങി
പട്ടംക്രൂട്ടർ വയറു തിരുമ്മി.
ഇൻഡിപെൻഡൻറു പെട്ടികളപ്പോൾ
'ഇൻഡിപെൻഡൻറു പേറ്' തുടങ്ങി
പുത്തൻ ഭിത്തികളെല്ലാം കറുത്ത–
മത്തങ്ങാക്ഷര ചുട്ടികൾ കുത്തി
പുത്തൻ കൊല്ലം പിറക്കുമ്പോഴെയ്ക്കും
പുത്തൻ മന്ത്രിമരേല്ക്കും ഭരണം.
"ആരാരൊക്കെ ഭരിച്ചിടും നമ്മെ?"
ആരായുന്നു ജനങ്ങളും ചെമ്മെ.
മന്ത്രിമാരായി വന്നീടും ക്രൂട്ടർ
മന്ത്രിയാവാൻ പ്രസംഗിച്ചതെല്ലാം
മന്ത്രിസ്ഥാനത്തിലെത്തിച്ച ഞങ്ങൾ
ഒന്നുംതന്നെ മറന്നിട്ടില്ലിന്നും
അന്നു നല്കിയവാഗ്ദാനമെല്ലാം
ഇന്നു നിങ്ങൾ നിറവേററിടേണം
അല്ലെന്നാകിലധികാര സ്ഥാന–
ത്തല്ലാ നിങ്ങളിരിപ്പതു നാളെ!

---


## തയാറായ്ക്കഴിഞ്ഞു!

### പുരോഗമനപരമായ പുതിയ കഥകൾ

**1. രണ്ടിടങ്ങഴി. 2. ഉയരുന്നതലമുറ. 3. അമ്മ.**

(ശ്രീ. പാലയുടെ "അമ്മയുടെ മകൻ" എന്ന മധുരോജ്ജ്വലകവിതയെ അധികരിച്ച്) വടക്കേ മലബാറിലെ തലശ്ശേരി മുതൽ തെക്കൻ തിരുവിതാംകൂറിൻെറ തക്കല വരെ കേരളത്തിൻെറ നാനാഭാഗത്തുനിന്നും ദ്രുതഗതിയിൽ ബുക്കിംഗ് നടക്കുന്നു! കാമ്പും കനവും കലാഭംഗിയുമുള്ള കഥാപ്രസംഗം കേൾക്കുവാൻ ഉടൻ ആർഡർ അയക്കുക.

**വിദ്വാൻ കെ. കെ. വാദ്ധ്യാർ, മയ്യനാട്.**

# സ്വയംവരശുംഭന്മാർ

— വൃകോദരൻ —

അന്നു നിങ്ങളാരും ജീവിച്ചിരിപ്പില്ല. കഷ്ടം നിങ്ങളാരും ജനിച്ചിട്ടുപോലുമില്ല സാധുക്കൾ നിങ്ങൾ എന്തൊരു നിർഭാഗ്യരാണു്. അന്നു നിങ്ങൾ മാത്രമല്ല നിങ്ങളുടെ അപ്പൂപ്പന്മാരും അമ്മൂമ്മാമാരും ആരുംതന്നെ ജീവിച്ചിരുന്നില്ല. എന്തൊരു കാലമായിരുന്നു. എന്തൊരു രസംപിടിച്ച കാലം!

ദമയന്തിയുടെ കല്യാണം പ്രമാണിച്ചു നാട്ടിലെങ്ങും അവളുടെ തന്തയാൻ രാജാവു് വലിയ വാൾനോട്ടീസുകൾ പരസ്യം ചെയ്തു. ഏതൊരു പ്രായപൂർത്തിവന്ന പുരുഷനും ആ തിരഞ്ഞെടുപ്പിൽ ചേരാം. നമ്മുടെ ഇന്നത്തെ തിരഞ്ഞെടുപ്പിൽ 250 ക സക്കാരിനു വായ്ക്കരിക്കു കൊടുക്കണം. അതു ചിലപ്പോൾ നമ്മുടെ മനയ്ക്കലാത്തിനെപ്പോലെ നഷ്ടപ്പെട്ടാനും മതി. അന്നു അതൊന്നും വേണ്ട, ഒന്നാംതരം വേഷവിധാനങ്ങൾ അണിഞ്ഞു, വേഗതയേറിയ ഒരു കുതിരപ്പുറത്തു കയറി നല്ലപോലെ ഭാഷാവരമുള്ള ഒരു സാഹിത്യ രസികനുമായി അങ്ങോട്ടു ചെന്നുകൊണ്ടാൽ മതി പെൺകൊച്ചു തല്ല തനിതങ്കമാണു്. പല വടിവും വന്നുതികഞ്ഞു തലമുടിയും വന്നുതികഞ്ഞു മുലയിണയും മാറു കവിഞ്ഞു തുടയിണയും തമ്മിലുരഞ്ഞു, അവൾ പന്തലിൽ ഇറങ്ങി വരണമാലയും ചുഴററിക്കൊണ്ടു ഒരോ കൊഞ്ജണ്ണന്റെയും അടുത്തുകൂടി കടന്നു പോകും അപ്പോൾ ആ കുസുമാംഗിയുടെ കാലിൽ രഹസ്യമായി തന്റെ കാൽ കൊണ്ടു ഒന്നു മന്ദമായി താലോടുന്നതിൽ തരക്കേടില്ല. അവൾ സകലരേയും കടാക്ഷിക്കും. ഓരോപുള്ളിയുടെയും എതിരേ വരുമ്പോൾ കൂടെ അടുത്തു നിപ്പുള്ള ആ സാഹിത്യാക്കാരൻ ഐക്യമുന്നണിപോലെ മുന്നോട്ടാഞ്ഞു തന്റെ സ്ഥാനാത്ഥിയുടെ അപദാനങ്ങൾ വിസ്തരിച്ചു പറഞ്ഞു കേൾപ്പിക്കണം "അല്ലയോ ശ്രീമതി ഇദ്ദേഹം പതിനെട്ടു കൊല്ലം അമേരിക്കയിലും താമസിച്ചു സകല വെള്ളക്കാരി പെണ്ണുങ്ങളേയും കൊതിപ്പുള്ളിച്ചവനാണു്. ആൾ കണ്ടാൽ തന്നെ നോക്കുക എന്തൊരു മൊന്തൻ പഴംപോലെ ഇരിക്കുന്നു. കൈതച്ചക്കയുടെ നിറവും, കാനകാംബരത്തിന്റെ ശോഭയും, ഉള്ള ഈ ദിഗന്ത വിശ്രുതനെ ഭവതി പരിണയിച്ചാൽ ഇന്നു മുതൽ പത്തുമാസം തികയുന്ന അന്നു ഇതേ ജാടയിൽ മറെറാരു പുള്ളത്താൻ ഈ ലോകത്തു ജന്മമെടുക്കും എന്നിങ്ങനെ പോകും ആ പ്രഭാഷണം പക്ഷെ അവൾ അപ്പുറം കടക്കുമ്പോൾ തന്നെ നമ്മുടെ സ്ഥാനാത്ഥിയും അയാളുടെ പക്കമേളക്കാരനും കുതിരപ്പുറത്തു കയറി ആയിരം മൈൽ വേഗത്തിൽ തിരിയെപ്പായും. സ്വയം വരത്തിനാണു പോയതെന്നുപോലും നാട്ടിൽ ഒരുത്തനോടും പറയുകയില്ല. ശ്ശെ ശ്ശെ കുറച്ചിൽ കുറച്ചിൽ.

**V. M. CHEMICAL STORE & DISPENSARY**

THAZAVA, KARUNAGAPPALLY, T. C. S.

Dr. G. George R. M. P.

ഇവിടെ എല്ലാവിധരോഗികളേയും ശാസ്ത്രരീത്യാ പരിശോധിച്ചു് ചികിത്സിച്ചു പരിപൂർണ്ണ സുഖം പ്രാപിച്ചു പോകാമെന്നു ഞങ്ങൾ ഉറപ്പുപറയുന്നു. ഹോമിയോ, പെയ്റ്റന്റ് കെമിക്കൽ ഔഷധങ്ങളും ടോണിക്കുകളും കാലികുപ്പികളും കാക്കുകളും മിതമായ നിരക്കിനു ഇവിടെ കിട്ടുന്നതാണു്.

പണ്ടു ഭാരതത്തിൽ അമ്പത്താറു രാജാക്കന്മാർ മാത്രമാണു് ഉണ്ടായിരുന്നതു്. അവരെല്ലാം അക്കാലത്തെ എല്ലാ സ്വയംവരങ്ങളിലും ഇങ്ങനെ വേഷം കെട്ടിച്ചെന്നു ബളീച്ചായി തിരിയെ വരുക ഒരു പതിവായിരുന്നു. ആ പതിവു ഒടുവിൽ അങ്ങു നിറുത്തി.

അതിനുശേഷം ആ സ്വയംവര ശുംഭന്മാരെപ്പററി പല നാടോടി പാട്ടുകളും ഉണ്ടാക്കിപാടി ജനങ്ങൾ രസിച്ചിരുന്നു. കാലം വളരെക്കഴിഞ്ഞു ഭാരതം ഇംഗ്ലീഷ്കാരന്റെ കൈവശത്തിൽ ഇരുന്ന 200 കൊല്ലം കൊണ്ടു രാജാക്കന്മാരുടെ എണ്ണം അമ്പത്താറിൽ നിന്നും അഞ്ഞൂററി അറുപത്തിരണ്ടായി പെരുകി എങ്കിലും പഴയ സ്വയംവരകാര്യത്തിൽ രാജാക്കന്മാർക്കു ശ്രദ്ധിക്കാനോ അതു വീണ്ടും നടപ്പിലാക്കാനോ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. രാജാക്കന്മാർക്കു വായിൽ നോക്കു എന്നൊരു വാസന ജന്മസിദ്ധമാണു്. അതിനു ഇംഗ്ലീഷ കാരൻ അനുവദിക്കാഞ്ഞതിനാൽ പല രാജാക്കന്മാർക്കും ആ ആവശ്യത്തിനായി ഫ്രാൻസിലും വേശ്യാലയങ്ങൾ ധാരാളമുള്ള മററു യൂറോപ്യൻ രാജ്യങ്ങളിലും സഞ്ചരിക്കുക പതിവായി. ഗാന്ധിജി ഇംഗ്ലണ്ടിൽ ബാരിസ്റ്റർ പരീക്ഷക്കു പഠിക്കാൻ പോകുന്ന ഒരു അവസരത്തിൽ വഴിക്കു എവിടെയോ വച്ചു ഈ രാജാക്കന്മാരിൽ ചിലരെ കാണാനിടയായി. അദ്ദേഹത്തിനു വല്ലാത്ത അപമാനവും കോപവും തോന്നി. ഈ പരിഷയെ നശിപ്പിച്ചേതീരു എന്നുറപ്പിച്ചുകൊണ്ടു അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി നാട്ടിൽ വന്നു പ്രയത്നിച്ചു തുടങ്ങി. ഇംഗ്ലീഷുകാരെ ഓടിച്ചതിന്റെ അടുത്തപടിയായി രാജാക്കന്മാരെ നിഷ്കാസനം ചെയ്തു. ജനകീയഭരണം ഏർപ്പെടുത്തി. രാജാക്കന്മാരുടെ 562 ആത്മാക്കൾ ദൈവസന്നിധിയിൽ നിവേദനം നടത്തി ഭാരതത്തിന്റെ പഴയ ആചാരങ്ങളിൽ അവർ ഏററുകൊണ്ടും ഒന്നാംകിടയിൽ വച്ചു പൂജിക്കുന്ന സ്വയംവരം നഷ്ടപ്പെട്ടതിലും വലിയ നഷ്ടമായി രാജാക്കന്മാർ സങ്കടമുണർത്തിച്ചതു് ദൈവം രാജാക്കന്മാരെ അടുത്തുവിളിച്ചിട്ടു പറഞ്ഞു "എടോ സ്വയംവര ശുംഭന്മാരേ, ജനകീയഭരണത്തിലും ഉണ്ടു സ്വയംവരം എന്നൊരു ഏർപ്പാടു അഞ്ചു കൊല്ലത്തിലൊരിക്കൽ തിരഞ്ഞെടുപ്പു എന്നൊരു ഇടപാടു അതിനകത്തുണ്ടു്. അതൊരു ഒന്നാംതരം സ്വയംവരമാണു ജയിക്കുന്ന സ്ഥാനാർത്ഥി ഒഴികെയുള്ളവർക്കെല്ലാം നല്ലപോലെ മഞ്ഞളിക്കാനുള്ള അവസരം അതിലുള്ളതുപോലെ പിന്നെന്തുവേണം ജയിച്ചു നിയമസഭയിൽ പോയാൽ മന്ത്രിയാകാനും ഭരിക്കാനും സാധിക്കും മന്ത്രിയും ഭരണാധികാരിയുമായാൽ എത്ര എത്ര സീതമാരും ദമയന്തിമാരും നിങ്ങളുടെ ചൊല്പ്പടിയിൽ വരാൻ ഇരിക്കുന്നു. അതുകൊണ്ടു സങ്കടപ്പെടാതെ തിരെയെ പോയി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാൻ നോക്കുവിൻ." (തുടരും)

*Visit-* **CENTRAL CAFE**
NEAR CENTRAL THEATRE
PAZHAYANGADI -- TRIVANDRUM.
സന്ദർശിക്കുവിൻ—
സെൻട്രൽ കഫേ
സെൻട്രൽ തിയേറ്ററിനു സമീപം
പഴവങ്ങാടി * * തിരുവനന്തപുരം.
Prop. T. P. T. NAIR,

# പ്രിമിയർ ഹോട്ടൽ & ഹോസ്റ്റൽ

ശ്രീനാരായണകളേജിനു സമീപം, കൊല്ലം.

ശുചിയായും രുചിയായും തയാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ
കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണ്.

പ്രൊ. കെ. ബാലകൃഷ്ണപിള്ള.

# കദളിരസായനം

മൂത്രത്തിൽക്കൂടി ആദ്യം വെള്ളനിറത്തിലും വർദ്ധിച്ചാൽ മഞ്ഞനിറത്തിലും മററിപ്പോയാൽ രക്തം കലർന്നും പ്രായേണ ദുർഗ്ഗന്ധത്തോടുകൂടിയും സ്രാവം ഉണ്ടാകാറുണ്ട്. ഇതുനിമിത്തം ജീവിതംതന്നെ ഭാരമായിതീർന്നു നരകദുരിതം അനുഭവിക്കുന്നവർക്ക് ഇതു ഒരു ദിവ്യൗഷധമാണ്:

വില റാത്തൽ ഒന്നുക്കു് രൂപാ 6.

മാനേജർ, ശ്രീ ആത്രേയാശ്രമം
ആയുർവേദ വൈദ്യശാല, കൈതമുക്ക്, തിരുവനന്തപുരം.

# ജയമോഹൻ ടാക്കീസ്! എവിടെ! അഞ്ചൽ

നവീന സജ്ജീകരണം. പുതിയ പുതിയ പടങ്ങൾ ഇവിടെ പ്രദർശിപ്പിച്ചുവരുന്നു.
തിയേററർ ഉടമസ്ഥൻ ശ്രീ. ഗോപാലപിള്ള, പൊതുജനങ്ങളുടെ
കണ്ണിലുണ്ണിയാണ്. അതാണു ജയമോഹൻടാക്കീസിൻെറ
വമ്പിച്ചവിജയം എന്നാണുനാട്ടുകാരുടെ ഏകകണ്ഠമായ അഭിപ്രായം.

# ഒരു തുറന്ന കത്ത്

ആണ്ടുതോറും എൻെറ മാനേജുമെൻറിൽ നടത്തിവരാറുള്ള കഥകളിയോഗം ഇകൊല്ലവും പൂർവ്വാധികം ഭംഗിയാക്കി കലാപാടവമുള്ള നടന്മാരെ കോർത്തണക്കിനവീന രീതിയിൽ നടത്തിവരുന്ന വിവരം ബഹുമാന്യരായ നിങ്ങളെ എല്ലാം അറിയിക്കുകയും നിങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. യോഗത്തിലെ പ്രധാന നടന്മാർ ശ്രീ. അവനവഞ്ചേരി കൃഷ്ണപിള്ള (കൊട്ടാരം) ഓയൂർ കൊച്ചുഗോവിന്ദപിള്ള, ആറന്മുള ഗോപിനാഥൻനായർ (കൊട്ടാരം) പുരുഷോത്തമൻ പോററി (കൊട്ടാരം) ഭാഗവതർ തിരുവല്ലാ ചെല്ലപ്പൻപിള്ള (കൊട്ടാരം) മേളം കരുനാഗപ്പള്ളി K. ദാമോദരപ്പണിക്കർ ആൻറ് പാർട്ടി.

N. B സ്പെഷ്യലായി ആവശ്യമുള്ളവർക്കു കറിച്ചി, കലാമണ്ഡലം- മാംകുളം, കുടമാളൂർ ഇവരെക്കൂടി കിട്ടുന്നതാണ്.

രക്ഷാധികാരി ശ്രീ. ആർ. കൃഷ്ണൻനായർ.
(പത്രാധിപർ വികടകേസരി)

നിങ്ങളുടെ ബുക്കിംഗിനു ഇങ്ങനെ എഴുതുക. കെ. ഗംഗാധരൻപിള്ള,
കഥകളി മാനേജർ കാരേററ്, വാമനപുരം.

# സ്റ്റുഡിയോവാർത്തകൾ

തിരമാല—കല്പാസാഗർ ഫിലിം കമ്പനി (കാഞ്ഞിരപ്പള്ളി)യുടെ പ്രഥമ ചിത്രമായ "തിരമാല"യുടെ പ്രാരംഭ ചടങ്ങുകൾ ഈ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളോടും സജ്ജീകരണങ്ങളോടുംകൂടി തിരുവനന്തപുരത്തു പ്രവർത്തനം നടത്തിവരുന്ന "മെറിലാൻസ്" സ്റ്റുഡിയോവിൽ വച്ചു പ്രഥമ ചടങ്ങുകൾ നിർവഹിച്ചിരിക്കുന്നു. തിരമാലയുടെ കഥയും സംഭാഷണവും സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ: ടി. എൻ. ഗോപിനാഥൻനായരാണെന്നുള്ളതും പ്രസ്തുത ചിത്രത്തിന്റെ ഒരു മഹനീയനേട്ടംതന്നെ എന്നുള്ളതിൽ സംശയമില്ല. "തിരമാല"ക്ക വികടകേസരിയുടെ ഭാവുകങ്ങൾ.

വിശപ്പിന്റെ വിളി കെ. ആൻറ് കെ. പ്രൊഡാക്ഷൻസിന്റെ മൂന്നാമത്തെ ചിത്രമായ "വിശപ്പിന്റെ വിളി" എന്ന മൂന്നു ഭാഷകളിൽ നിർമ്മിക്കുമെന്നറിയുന്നു മലയാളം, തമിഴ് തെലുങ്ക്. ഈ ചിത്രത്തിന്റെ സംഗീതങ്ങൾ മുഴുവനും റിക്കാഡു ചെയ്തു കഴിഞ്ഞു. ഉടനെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

ചന്ദ്രാപിക്ച്ചേഴ്സ് ആലപ്പുഴ എം. ജി. രാമചന്ദ്രൻ ബി. എ. സരോജ ആലപ്പുഴ വിത്സൻറ് എന്നിവർ ചേർന്ന അഭിനയിക്കുന്ന ജെനോവാ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ദ്രുതഗതിയിൽ ന്യൂട്ടോൺ സ്റ്റുഡിയോവിൽ നടന്നു വരുന്നു. പ്രസ്തുത ചിത്രം മാർച്ച് ആദ്യവാരം പ്രദർശനത്തിനു തയാറാകുമെന്നു അറിയുന്നു.

"ശരിയോ തെറ്റോ" തിക്കുറിശ്ശിയുടെ മംഗളാപിക്ച്ചേഴ്സിന്റെ "ശരിയോ തെറ്റോ"യുടെ പാട്ടുകൾ മുഴുവനും റെക്കാഡ് ചെയ്തു കഴിഞ്ഞു. അടുത്തുതന്നെ ഇതിന്റെ ഷൂട്ടിംഗ ആരംഭിക്കുന്നതാണ്. ഈ ചിത്രത്തിനു മറെറാരു പ്രത്യേകതകൂടി നമുക്കു കാണാൻ കഴിയും. തിക്കുറിശ്ശി ഒഴിച്ചു നടന്മാർ എല്ലാംതന്നെ കലാവാസനയുള്ള പുതുമുഖങ്ങളായിരിക്കും. കഥ സംഭാഷണം ഡയറക്ഷൻ എല്ലാം തിക്കുറിശ്ശി തന്നെയെന്നുള്ളതു നമുക്കു അഭിമാനകരംതന്നെ.


ക്ഷീണം വർദ്ധിച്ചിരിക്കുമ്പോൾ

**കോഹിനൂർ തേയില കുടിക്കുക**

ഊററ്, രുചി, ഗുണം ഇവക്കു കോഹിനൂർ തേയില ഒന്നാംതരമെന്നാണ് അനുഭവസ്ഥർ പറയുന്നതു്.

സിററിതേയില ഡിപ്പോ,
വടയാററുകോട്ട, കൊല്ലം.



## പഥ്യമേ വേണ്ട

ഇഴജന്തുക്കളിൽനിന്നും പേപ്പട്ടി മുതലായ ജന്തുക്കളിൽ നിന്നും വിഷം ഏറ്റരോഗികൾ ഇന്നു നിരാശപ്പെടേണ്ട മൂന്നുനേരത്തെ ചികിത്സകൊണ്ടു പരിപൂർണ്ണ സുഖംപ്രാപിച്ചു പഴയപടി ആരോഗ്യവാന്മാരായി പോകുമെന്നു ഞങ്ങൾ ഉറപ്പുപറയുന്നു പഥ്യമേ വേണ്ട പരീക്ഷിച്ചു നോക്കുവിൻ.

കരിയിലകുളങ്ങര കീരിക്കാട്ട് P. O.
വൈദ്യൻ ഗോവിന്ദൻ നമ്പൂതിരി.



# കൈലാസ് തേയില ഡിപ്പോ

പേട്ട * * തിരുവനന്തപുരം.

ഊററ്, മണം, രുചി, ഇവയ്ക്കു് കൈലാസ്തേയില ഉപയോഗിച്ചു് സംതൃപ്തിയടയുവിൻ

പ്രൊ: വി. മാധവൻപിള്ള.

# നാട്ടുവർത്തമാനങ്ങൾ

സഞ്ചാരി

തിരുവനന്തപുരം:- വഴിയത്തു ഫുഡ്ഡിപ്പോയിലെ കാലിച്ചാക്കു മടക്കി എടുക്കുന്ന സമ്പ്രദായരഹസ്യവും മററും അടുത്തതിൽ. ചാലയിൽ ദേവനാഗം മൂപ്പന്മാരുടെ ശർക്കരവ്യാപാരം സത്യസന്ധതയിലും കൃത്യനിഷ്ഠയിലുമാണെന്നു കൊച്ചിയിൽ അഴകചെട്ടിയാർ പറഞ്ഞു മനസ്സിലായി. അട്ടക്കുളങ്ങര ഒരു ലൈയിററുകടക്കാരൻ ഒരുട്ടാർപ്പിടൊയുടെ പുറകെ ചുററിക്കൂടുന്നതു അപകടകരമാണെന്നു റൊട്ടിക്കിടങ്ങു മുക്കിൽ പരസ്യമായി സംസ്സാരിക്കുന്നതു അടുത്തതിൽ. പഴവങ്ങാടിയിൽ സെൻട്രൽകഫേ ഉത്തരോത്തരം അഭിവൃദ്ധിയിൽ. റൗൺ ഹോട്ടലും റീഗലും, ആസാദു ഹോട്ടലും, കുമാർ കേഫും ഒന്നിനൊന്നു മെച്ചം. പോസ്റ്റൽ സിക്രട്ടറിയേററിലെ പാഴ്സൽ സ്വീകരിക്കുന്ന ഒരു കണ്ണാടിമാസ്റ്റർ അല്പം കൂടി മര്യാദയായി പെരുമാറിയാൽ കൊള്ളാം. ആർ. ശിവനടിയ ഗോൾഡൻക്ലാത്തു പുന്നൻ റോഡ് എന്ന വിലാസത്തിൽ അയക്കുന്ന മാസിക പോസ്റ്റുമാൻ മിഴുങ്ങുന്നതായി അറിയുന്നു. പോസ്റ്ററുമാസ്റ്റർ ശ്രദ്ധിക്കുമോ?

കുത്തിയതോട്:- വികടകേസരിയുടെ സ്ഥലത്തെ ഏജൻറായി കുന്നുവിള്ളയിൽ മി. എ. കെ തങ്കപ്പൻപിള്ളയെ നിയമിച്ചിരിക്കുന്നു.

ബാംബേ:- മി. കേളപ്പനും വിദ്യാർത്ഥിനിമാരുംചേർന്നു പാർസികോളനിയെ പ്രദിക്ഷണം ചെയ്യുന്ന രഹസ്യം വിശദമായി അടുത്തതിൽ.

പലവക:- പരവൂർ പോസ്റ്റാഫീസിൽ മാസിക വിഴുങ്ങുന്നതായി പല പരാതികളും വന്നിട്ടുണ്ടു്. വിലാസക്കാർക്കു കിട്ടുന്നില്ലെന്നു പരാധികരം ധാരാളം. പോസ്റ്ററുമാസ്റ്റർ ഗൗനിച്ചാൽ കൊള്ളാം. കൊല്ലം ചിന്നക്കടയിൽ മി രാമകൃഷ്ണാ ഇലക്ട്രിക്കു വർക്ക്സ് കൃത്യനിഷ്ഠയോടുകൂടി നടക്കുന്ന ഒരു സ്ഥാപനം തന്നെ. മുരുക്കുംപുഴ കടവിലെ ഒരു ഡാക്റ്റർ പൂച്ചകളെ ചികത്സിക്കാൻ അതി സമർത്ഥനാണെന്നും ഇനാക്രുലേഷനാണു വലിയ വേലയെന്നും മററും ഒരു സംസാരം. കണിയാപുരം പുത്തൻ


**Radhakrishna Motor Works**

Vadayattukotta, Quilon.

**വെൽഡിംഗ്** അലുമിനിയം, കാസ്റ്റയേൺ, ബ്രാസ് കാപ്പർ, അയേൺ സ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജിൽ വെൽഡു് ചെയ്തുകൊടുക്കപ്പെടും.



**ആതുരാരോഗ്യ സംവർദ്ധിനി ആര്യവൈദ്യശാല**

ഫാക്റ്ററിവാർഡ് * * ആലപ്പുഴ.

ജോതി ശ്രീ. കെ. ജി. ആണ്ടിവൈദ്യരുടെ സിദ്ധൌഷധങ്ങളിൽ "അജമാംസ രസായനം" നഷ്ടപ്പെട്ടുപോയ ധാതുക്കളെ വീണ്ടെടുക്കുവാനും ദേഹാരോഗ്യത്തിനും അത്യുത്തമം.

റാത്തൽ ഒന്നുക്കു വില 10 രൂ 12 ണ.

തോപ്പിലെ ആശുപത്രി ഡാക്ടർ നക്കാപിച്ചായാണെന്നും പണം കൊടുക്കാത്ത രോഗികളെ തിരിഞ്ഞുനോക്കുന്ന ഏർപ്പാടും മില്ലെന്നും അറിയുന്നു. വിശദവിവരം അന്വേഷിച്ചു അടുത്തതിൽ.

കരുനാഗപ്പള്ളി;– കല്ലേലിഭാഗത്തും പരിസരങ്ങളിലും മദ്യപാനികളുടെ ശല്യം അടിക്കടി ഉണ്ടാകുന്നു. സ്ഥലം ഐ. പി. യുടെ സത്വരശ്രദ്ധ തെളിഞ്ഞു പതിയേണ്ടതാണ്.

ഇലവുംതിട്ട:– ചന്തക്കു കിഴക്കേ ജംഗഷനിൽ ഒരു യക്ഷിയുടെ ഉപദ്രവം നിമിത്തം അഭിമാനമായി ജിവിക്കുന്ന അമ്മ പെങ്ങന്മാരുള്ളവർക്ക് ആവഴി പോകുന്നതു വലിയ വിഷമമാണ്. ഈ ചരക്കിൻെറ വ്യവസായംഒന്നിനൊന്നുഅഭിവൃദ്ധിയിൽ. വരുന്ന ചിലമുതലാളിമാർ ഇതിനുവേണ്ടി വെപ്രാളപ്പെട്ടു വട്ടം തിരിയുന്നതും മററും അടുത്തതിൽ.

കൊല്ലം:– കാഞ്ഞിരംകോട്ടുകാരി ഒരു കരിംഭൂതം ദിനം പ്രതി ററി. ബി. ജംഗഷൻ വഴി സവാരിചെയ്യുന്ന രഹസ്യം മനസ്സിലായി.

അന്നപൂർണ്ണാലയം മാതൃകപരമായ ഒരു സ്ഥാപനമാണ്. സി. കേശവൻെറ വിജയവാർത്ത കൊട്ടിഘോഷിച്ചതു പാവപ്പെട്ടവരുടെ ശരീരത്തിലാണെന്നു പലരും പറയുന്നു. ശ്രീകൃഷ്ണവിലാസം ആയുർവേദ ഫാർമസി ഒരു മഹൽ സ്ഥാപനമാണു, ശ്രീ. എം. പി. കൃഷ്ണൻ വൈദ്യർ അവർകളുടെ പെരുമാററവും അതിനു യോജിച്ചതുതന്നെ. കെടംമംഗലം സദാനന്ദൻ അരഡസൻ അന്തർവാഹിനികളെയും വഹിച്ചുകൊണ്ടു ആനന്ദഭവാനിൽ ക്യാമ്പുചെയ്യുന്ന രഹസ്യം പരസ്യമാണെന്നു ആനന്ദവല്ലിശ്വരത്തുവച്ചു മനസ്സിലായി. ജട്ടിറോഡിലെ മോഡേൺകഫേയും മെയിൻറോഡിൽ പത്മനാഭനാചാരിയുടെ സ്വർണ്ണക്കട ഉത്തരോത്തരം അഭിവൃദ്ധിയിൽ തന്നെ.

മയ്യനാട്ടു:– നാട്ടിൻെറ നാനാഭാഗത്തും സി. കേശവൻെറ ഇലക്ഷൻമൂലം വർഗ്ഗീയത മുളച്ചുവരുന്നതായി പലരിൽ നിന്നും മനസ്സിലായി.

പരവൂർ:—കാൺഗ്രസ്സ് പ്രവർകൻ ആർ. നട




രാജൻ നോട്ടുകൾ വാരി റോഡുനീളെ പറത്തി യിട്ടും കാൺഗ്രസ്സ് തോററതു തൊപ്പിയിട്ടതു നാട്ടുകാരുടെ ശ്രമഫലം കൊണ്ടാണെന്നു തെളിയുന്നു. ആനന്ദവിലാസം നായർ ഹോട്ടൽ ആനന്ദമായി തന്നെ പരിലസിക്കുന്നു.

ചാത്തന്നൂർ:—ഒരു കരിംചന്ത റേഷൻ വ്യാപാരിയുടെ ഉരുട്ടുവിദ്യ അടുത്തതിൽ. ചക്കാത്തുവായനക്കാരുടെ ലിസ്റ്റ് അടുത്തതിൽ.

ഓച്ചിറ:— ഉമ്മർലബ്ബയുടെ സ്വർണ്ണകടയിൽ സ്വർണ്ണാഭരണങ്ങൾ ധാരാളം വന്നുനിറഞ്ഞിരിക്കുന്നു.

കായംകുളം—ഐക്യമുന്നണി സ്ഥാനാർത്ഥിയായി വിജയം വരിച്ച ശ്രീ. കോയിക്കൽ കുട്ടപ്പനു് വികടകേസരിയുടെ അകം നിറഞ്ഞ ആശംസ. കമ്പോളത്തിലെ ഒരു സ്വർണ്ണകട രഹസ്യം അടുത്തതിൽ. ഭഗവതി വിലാസം നായർ ഹോട്ടൽ മേൽക്കു മേൽ അഭിവൃദ്ധിയിൽ.

പുനലൂർ— അഞ്ചൽനിന്നും ഒരു യക്ഷി അടിക്കടി റെയിൽവേസ്റ്റേഷൻ സന്ദർശിക്കുന്നതു അപത്താണു്. നിത്യാനന്ദഭവാൻ പുരോഗതിയിൽ ഷൺമുഖ വിലാസവും അങ്ങനെതന്നെ.

ആലപ്പുഴ—മുല്ലയ്ക്കൽ ചിറപ്പു് കെങ്കേമമായി. ഭീമാബ്രദർ വകയും പത്താം ചിറപ്പും ഒന്നിനു ഒന്നമെച്ചം. തിരുവനന്തപുരം സിസ്റ്റേഴ്സുവരെ ചിറപ്പിനു പങ്കുവഹിച്ചിരുന്നു. ജട്ടി റോഡിലെ ഒരു പേപ്പർ കമ്പനിയിലെ കണ്ണാടി രഹസ്യം അടുത്തതിൽ. കണ്ണൻവക്കി പാലത്തിനു സമീപം ഒരു യക്ഷി കത്തിയിരിപ്പു സത്യാഗ്രഹം നടത്തുന്നതുനന്നായി. പത്മാകേഫ് പത്മാതന്നെ റേനിംഗ് ആഫീസും രഹസ്യങ്ങളും ചില മൂപ്പൻമാരുടെ എംപിള്ള നയവും വിശദമായി അ

## അറിയിപ്പ്

തിരുവനന്തപുരം സിററിയിലും പരിസരങ്ങളിലും വികടകേസരിക്കു പുതിയ വരിക്കാരെ ചേർക്കുന്നതിനും വരിസംഖ്യ പിരിക്കുന്നതിനും സിററിയിലെ ദേശബന്ധു ഏജൻറായ ശ്രീ. കെ. അപ്പുക്കുട്ടൻനായരെ നിയമിച്ചിരിക്കുന്നു. മാന്യപത്രബന്ധുക്കൾ ഞങ്ങളുടെ ഏജൻറിനു വേണ്ടും വണ്ണം സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നു അഭ്യർത്ഥിക്കുന്നു.

പത്രാധിപർ


## ★ വില്ലൻ ചുമസംഹാരി ★

നീലകാരിചുമ, മുപ്പിറചുമ, തൊണ്ണൂറാംകര വില്ലൻചുമ എന്നീപേരുകളാൽ അറിയപ്പെട്ടുന്നതും അനേകായിരം കുഞ്ഞങ്ങളെ നിത്യവും ക്ലേശപ്പെടുത്തി കൊണ്ടിരിക്കുന്നതുമായ വില്ലൻ, ചുമയുടെ ഏതു അവസ്ഥയിലും ഉപയോഗിക്കാവുന്ന അനുഗ്രഹീതമായ ഒരു സിദ്ധൗഷധമാണു വില്ലൻ ചുമ സംഹാരി.

ശ്രീ. ചിത്രാ ആയുർവേദ ഫാർമസി,
ആശ്രമം—B. O. T. B. ജംഗ്ഷൻ • കൊല്ലം.
P. K. N. വൈദ്യൻ.

## S. P. ഹോട്ടൽ ആൻറ് ററീഷാപ്പ്

കച്ചേരിജംഗ്ഷൻ * * നെടുമങ്ങാട്ട്.

നെടുമങ്ങാട്ടു വരുന്നവർ കച്ചേരിയുടെ മെയിൻഗേററിനു തെക്കുവശമുള്ള ബോർഡ് സൂക്ഷിക്കുക—സുഖകരമായഭക്ഷണം, രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക!

മാനേജർ.

ട്ടത്തിൽ. വികടകേസരി ഒററപ്രതി ജട്ടിയിൽ അരുണ, നാഷണൽ ബുക്കസ്റ്റാളുകളിൽ കിട്ടുന്ന താണു്.

കലവൂർ—ഒരു വ്യാപാരി രഹസ്യം വഴിയേ. സ്വർണ്ണാഭരണങ്ങൾക്ക മി. കെ. ജി. ഭാസ്കരൻപിള്ള യെ സമീപിക്കമല്ലോ?

ഓമല്ലൂർ— അഭിമാനികളെന്നഭിമാനിക്കുന്ന ഓമല്ലൂർക്കാരെ! നിങ്ങളുടെ നാട്ടുകാരനായ സ്ഥാനാർത്ഥിയെ മുപ്പതു വെള്ളിക്കാശിനുവേണ്ടി ഒററികൊടുത്തു് നിങ്ങൾതന്നെ പരാജയപ്പെടുത്തിയ പാരമ്പര്യം മേലിലെങ്കിലും ആവർത്തിക്കരുതെ! "രഹസ്യമായി തറവേല"നടത്തിയ ഉപദേശിമാരും സ്വാമിമാരെയും വികടകേസരിയുടെ കണ്ണാടിയിൽ കുരുങ്ങിയിരിക്കുകയാണു്. ജൗളികടക്കാരൻ ആദർശശുദ്ധിയുള്ള കാൺഗ്രസ്സുകാരാനാണെന്നു അറിയുന്നതിൽ സന്തോഷമില്ലാതില്ല: ഓട്ടുപിടിത്തത്തിൻെറ മിച്ചവാരം പാവങ്ങൾക്ക കൊടുക്കാത്തപക്ഷം നാഗർകോവിൽ ആശുപത്രിയിൽ കൊടുക്കേണ്ടതായിവരും.

കുളത്തൂപ്പുഴ— ചക്കാത്തുവായനക്കാർ പെരുകുന്നു.

ഉള്ളൂർ—വൃശ്ചികമാസത്തിലെ ക്ഷേത്രത്തിലെ ഉത്സവം പൂർവ്വാധികം ഭംഗിയാക്കിയതിൽ നാട്ടുകാരും ദേവസ്വം ശ്രീകാര്യം ശ്രീ. മാധവപപണിക്കരും അനുമോദനം അർഹിക്കുന്നു.

ഓച്ചിറ;— ഹോട്ടൽ ആൻ്റ് ററീഷാപ്പു് ഉടമസ്ഥൻ മി; ഭാസ്കരൻ പിള്ളയുടെ പാർട്ടിപിടുത്തവും ആളുകളെ തെറിപറച്ചിലും നിങ്ങൾക്കു് യോജിച്ചതല്ലെ.

---


A. GOPINAHAN

JEWELLER & DIAMOND MERCHANT

S. PARAVER T. C. S.

പരിപൂർണ്ണ ഉത്തരവാദിത്വം മിതമായ വില. സ്വർണ്ണം, വെള്ളി, കല്ലുകൾ ഇവ കൊണ്ടുള്ള ആഭരണങ്ങൾ പരിഷ്കൃതമായ രീതിയിൽ കൃത്യനിഷ്ടയോടുകൂടി ഇവിടെ ചെയ്തു കൊടുക്കപ്പെടുന്നതാണു്.

P. S. കൂടാതെ റെഡിമേഡായും ഇവിടെ ലഭിക്കുന്നതാണു്.

അാപകടംഇല്ലേ ഇല്ല.

ഇവിടെ സകല ഇനം സ്റ്റേഷനറി സാധനങ്ങളും, പലയിനം വാസനദ്രവ്യങ്ങളും, സുക്കാ, ബിഡി-ഇല, മിഠായികൾ, കൂടിയതും കുറഞ്ഞതുമായ പലയിനം സിഗരററുകൾ; ഒന്നാംതരം മദ്രാസ്പൊടിയും ആവശ്യമുള്ളവർ ഞങ്ങളെ സമീപ്പിക്കുവിൻ.

പ്രൊ: ജി. ഗോപിനാഥൻപിള്ള, വലിയകട—കൊല്ലം.

A. S. S. മാർക്ക് നല്ലെണ്ണ

# ഇംഗ്ലീഷ് പഠിക്കാത്തവർ ദുഃഖിക്കരുത്

അക്ഷരം മുതൽ ആരംഭിച്ചു ഒരേ ഒരുവർഷത്തിനകം നാലാംഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനംനൽകാം. അതുകഴിഞ്ഞു രണ്ടുവർഷത്തിനകം മദ്രാസ് മെടിക്കുലേഷൻ ജയിക്കാം. പിന്നീടുള്ള രണ്ടുവർഷത്തിനകം ഇൻർമീഡ്യേററ് പരീക്ഷയും ജയിക്കാം. ജയിച്ചാൽ ബി. ഏ. ക്ളാസ്സിൽ പ്രവേശനം ലഭിക്കും. സ്ത്രീകൾക്കു ബി.ഏ.പരീക്ഷയ്ക്കും പ്രൈവററായിചേരാം

ഇപ്രകാരം ഇംഗ്ലീഷ് അക്ഷരംപോലും വശമില്ലാത്ത ഒരാൾക്കു സ്വന്തഭവനത്തിൽ താമസിച്ചു ഒരു സ്കൂളിലും കാളേജിലും പോകാതെ ബി. ഏ. ജയിക്കാം. അന്യാശ്രയമേവേണ്ട, അപേക്ഷകർ ഏതുക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നുകാണിച്ചു 4 ണ. സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

4512

മാനേജർ,

**കേംബ്രിഡ്ജ് കാളേജ്**

കൈതമുക്ക്, തിരുവനന്തപുരം.

---

## ശശാങ്ക

**രക്ഷാകേന്ദ്രം**

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം, കാണാതെ പരവശപ്പെട്ടു് വലയുന്ന സഹോദരീ സഹോദരന്മാർക്ക്, പൂർണ്ണാശ്വാസപ്രദമായ ഒരേഒരു രക്ഷാകേന്ദ്രമാണു് ശശാങ്ക! സ്കലനം, പഴപ്പുപോക്കു് പ്രമേഹം, മൂത്രച്ചൂടു്, മൂത്രത്തിലുള്ള അടപ്പു്, (കലക്കൽ) വയററെരിച്ചിൽ, അസ്ഥിസ്രാവം സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്കു് രക്തംപോക്കു് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കററൊന്നിനു്, വില 3 രൂ. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ

എസ്. എസ്. പിള്ള,

P. O മാവേലിക്കര, തിരുവിതാംകൂർ.

**വിജയാഫാർമസി.**

Reg. No. M. 5922 VIKATAKESARY Date 22-9-1949.

കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ വിജയകരമായി
പ്രദർശിപ്പിച്ചുവരുന്ന

ജൂപ്പിറ്ററെഴ്സിൻെറ

# കൈതി

## (രക്തം)

ബാലചന്ദ്രൻ, മീനാക്ഷി, S. A. നട
രാജൻ, R. മാലതി തുടങ്ങിയവർ
അഭിനയിച്ച ഏററവും പുതിയ
തമിഴ് സാമുദായിക ചിത്രം

**ഉടൻ പ്രതീക്ഷിപ്പിൻ!**

അന്തമാൻ കൈതി, റാണി, കുമാരി

*Distributors for* KERALA
**Radhakrishna Films Ltd., Alleppey.**

തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽനിന്നും അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ
തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്നത്